www.viswasasamrakshakan.org

# വിശ്വാസസംരക്ഷകൻ

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം

Vol. 1 Issue 18 December 1-15, 2006

## അന്ത്യോഖ്യാ വിശ്വാസസംരക്ഷണസമിതിക്ക് പുതിയ ഇടയൻ

### കോഴിക്കോട് ഭദ്രാസനത്തിന് അനുമതി

പുത്തൻകുരിശ്. യാക്കോബായ സുറിയാനി സഭയുടെ അന്ത്യോഖ്യാ വിശ്വാസസംരക്ഷണസമിതിയുടെ മെത്രാപ്പോലീത്തയായി വന്ദ്യ കോഴിപറമ്പത്ത് ഏലിയാസ് റമ്പാനെ പരി. പാത്രിയർക്കീസ് ബാവയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് വാഴിക്കുവാൻ പരി. എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. പാത്രിയർക്കാസെന്ററിന്റെ വികാരിയായും വിശ്വാസസംരക്ഷണസമിതിയുടെ വർക്കിംഗ് പ്രസിഡന്റായുമുള്ള ചുമതല മെത്രാപ്പോലീത്തായ്ക്ക് നൽകും. തുരുത്തിശ്ശേരി സിംഹാസനപള്ളി വികാരിയായി ചുമതല വഹിച്ചുവരുന്ന റമ്പാച്ചൻ അകപ്പറമ്പ് മാർ ശാബോർ അഫ്രോത്ത് പള്ളി ഇടവകാംഗമാണ്.

മലബാർ ഭദ്രാസനത്തിന്റെ തെക്കൻ മേഖല കേന്ദ്രീകരിച്ച് കോഴിക്കോട് ഭദ്രാസനരൂപീകരണത്തിന് അനുമതി നൽകി. പരി. പാത്രിയർക്കീസ് ബാവയിൽനിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പരി.സഭയുടെ ഭരണഘടന അനുശാസിക്കുംവിധം മറ്റ്



ക്രമീകരണങ്ങൾ പൂർത്തിയാക്കുമെന്ന് സുന്നഹദോസ് സെക്രട്ടറി അഭിവന്ദ്യ ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത പറഞ്ഞു. മലബാർ മേഖലയിൽ പരി. സഭയുടെ വളർച്ചയ്ക്ക് കോഴിക്കോട് ഭദ്രാസന രൂപീകരണം സഹായകരമാകുമെന്ന് പരി. സുന്നഹദോസ് വിലയിരുത്തി. പരിശുദ്ധ സുന്നഹദോസിൽ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥൻ ബാവ അദ്ധ്യക്ഷത വഹിച്ചു. മെത്രാപ്പോലീത്തമാരായ ഡോ. യൂഹാനോൻ മോർ പിലക്സിനോസ്, തോമസ് മോർ തീമോത്തിയോസ്, ജോസഫ് മോർ ഗ്രിഗോറിയോസ്, മാത്യൂസ് മോർ ഈവാനിയോസ്, കുര്യാക്കോസ് മോർ യൂലിയോസ്, കുര്യാക്കോസ് മോർ യൗസേബിയോസ്, മർക്കോസ് മോർ ക്രിസോസ്റ്റമോസ്, മാത്യൂസ് മോർ അപ്രം, മാത്യൂസ് മോർ തേവോദോസിയോസ്, ഡോ. എബ്രഹാം മോർ സേവേറിയോസ് എന്നിവർ പങ്കെടുത്തു.

## അഹത്തുള്ള ബാവായ്ക്ക് സ്മാരകം നിർമ്മിക്കണം

സത്യവിശ്വാസം നിലനിർത്തുവാൻ ഭാരതത്തിലേയ്ക്ക് എഴുന്നള്ളിവന്ന് പോർട്ടുഗീസുകാരുടെ പീഡനത്തിന് ഇരയായി കൊച്ചി കായലിൽ കല്ലുകെട്ടി താഴ്ത്തിയ പുണ്യവാനായ അഹത്തുള്ള ബാവയ്ക്ക് സ്മാരകം നിർമ്മിക്കുവാൻ സത്യവിശ്വാസസംരക്ഷണ സമിതി തീരുമാനിച്ചു. ഈ പുണ്യപ്പെട്ട പിതാവിനെ പരിശുദ്ധനായി പ്രഖ്യാപിക്കണമെന്ന് പരി. പാത്രിയർക്കീസ് ബാവായോട് അപേക്ഷിക്കുവാൻ പരി. എപ്പിസ്കോപ്പൽ സുന്നഹദോസിനോട് അഭ്യർത്ഥിച്ചു. സ്മാരക നിർമ്മാണത്തിനായി അഭി. ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷനായ സമിതിയെ ചുമതലപ്പെടുത്തി. വിശ്വാസസംരക്ഷകൻ ജനറൽ ഷെവ. കെ. ഒ.മാത്യു കോങ്കര 2 ലക്ഷം രൂപ ആദ്യ സംഭാവനയായി പ്രഖ്യാപിച്ചു.

## മാർ മിലിത്തിയോസ് അപമാനഭാരത്താൽ

മാതൃസഭയെ ഒറ്റുകൊടുത്ത് മെത്രാൻ കക്ഷികളോട് ചേർന്ന മാർ മിലിത്തിയോസ് ദു:ഖത്തിലാണ്. ഒരു പക്ഷെ അദ്ദേഹത്തിന്റെ മനസാക്ഷിയ്ക്ക് കുറ്റബോധമുണ്ടാകാം. ഇല്ലെങ്കിൽ ദുരഭിമാനമാണ് മാർ മിലിത്തിയോസിനെ ഭരിക്കുന്നത് എന്ന് നിസംശയം പറയാം.

മാർ മിലിത്തിയോസിന് പറ്റിയ അബദ്ധങ്ങൾ നിരവധിയാണ്. ആദ്യം അദ്ദേഹം ചെന്നുപെട്ടത് പാമ്പാടി യൂഹാനോൻ റമ്പാന്റെ കൈകളിലാണ്. യാക്കോബായ സഭയ്ക്കെതിരെ മെത്രാൻ കക്ഷികൾ നടത്തുന്ന എല്ലാ കുതന്ത്രങ്ങൾക്കും ചുക്കാൻ പിടിക്കുന്നത് ഈ റമ്പാനാണ്. മദ്യനിരോധനത്തിന്റെ അഭയഭവനങ്ങളുടെ മറവിൽ ഇദ്ദേഹത്തിന്റെ മനസ്സിന്റെ ഉള്ളിലെ വക്രമനസ്സ് കാണാൻ ബുദ്ധിമാനായ മാർ മിലിത്തിയോസിനും കൂട്ടാളികൾക്കും സാധിച്ചില്ല. പാമ്പാടി ദയറായിലെ സ്ഥിരം അതിഥി, സ്കൂളിലും കോളേജിലും മുഖ്യാതിഥി. എന്തുവേണം, പക്ഷെ മാർ മിലിത്തിയോസിന്റെ തീവ്രവാദം ഉമ്മൻചാണ്ടിക്കും, കെ.എം. മാത്യുവിനും എതിരെ തിരിഞ്ഞപ്പോൾ റമ്പാന്റെ തനിനിറം കണാൻതുടങ്ങി. മാർ മിലിത്തിയോസ് മനസ്സിലാക്കാത്ത ഒരു സത്യം – ഉമ്മൻചാണ്ടിയും മനോരമയും ഇല്ലെങ്കിൽ മെത്രാൻകക്ഷികൾ ഇല്ല. പുറമെ ഓമനിക്കുന്ന ചിരിയുമായി നടക്കുന്ന ചാണ്ടി 100–ൽ 200 ശതമാനവും മെത്രാൻകക്ഷിക്കാരൻ തന്നെയാണ്. അദ്ദേഹത്തെ എതിർത്ത് എങ്ങനെ മാർ മിലിത്തിയോസിന് നിലനിൽക്കാൻ സാധിക്കും. മെത്രാൻകക്ഷികൾക്ക് മനോരമ ഇല്ലെങ്കിൽ പിന്നെ എന്ത് അസ്ഥിത്വം. മനോരമയാകുന്ന അടിസ്ഥാനത്തിലാണ് ആ കക്ഷി സ്ഥാപിതമായത് എന്ന് മനസ്സിലാക്കാൻ മാർ മിലിത്തിയോസിന് ഇത്രയും താമസം നേരിട്ടോ. മനോരമ സൃഷ്ടിക്കുന്ന അമിത വാർത്താപ്രാധാന്യം ഇല്ലെങ്കിൽ മെത്രാൻകക്ഷികൾ വട്ടപൂജ്യമാണ്.

മാർ മിലിത്തിയോസെ, അങ്ങയെ മെത്രാൻകക്ഷികൾ വിശ്വസിക്കില്ല. അങ്ങയെ ഗതിയില്ലാത്ത ഒരാളായേ അവർ കാണൂ. അതുകൊണ്ടല്ലേ യൂഹാനോൻ റമ്പാന്റെ കത്ത് മനോരമ പ്രസിദ്ധീകരിച്ചത്. അങ്ങ് മാത്യൂസ് ദ്വിതീയൻ ബാവായുടെ പിന്തുണയോടെ തൃക്കുന്നത്ത് സെമിനാരിയിൽ കയറി. അങ്ങ് വിചാരിച്ചു ശ്രേഷ്ഠ കാതോലിക്കാ ബാവായെ ഒന്നു കൊച്ചാക്കാമെന്ന്, അങ്ങേയ്ക്ക് തെറ്റുപറ്റി. മെത്രാൻ കക്ഷി നേതൃത്വത്തിന് പഴയ യാക്കോബായക്കാരനായ മണ്ണാറപ്രായിൽ കോറെപ്പിസ്കോപ്പായെ പുറത്താക്കണമായിരുന്നു. അതിന് മാർ മിലിത്തിയോസിനെ ഉപയോഗിച്ച്, അവസാനം അങ്ങയെ പുറത്താക്കാൻ മണ്ണാറപ്രായിൽ അച്ചനെ മുന്നിൽ നിറുത്തി. 14 വൈദീകരെ ഉപയോഗിച്ച് പരാതി എഴുതിച്ചു. അങ്ങ് പേരിട്ട മാർ ദിദിമോസ് പോലും പിന്തുണച്ചില്ല. അടുത്തത് അങ്ങേയ്ക്ക് നഷ്ടപ്പെടുവാൻ പോകുന്നത് യൂത്തിന്റെ പ്രസിഡന്റ് സ്ഥാനമാണ്. അതിന് അധികം താമസമില്ല. അങ്ങ് കാശ് കൊടുത്ത് പരിഭോഷിപ്പിക്കുന്ന അത്മായവേദി ഇപ്പോൾ എവിടെ പോയി. അവർക്ക് പ്രതികരിക്കാൻ സാധിക്കില്ല. അവർ ആത്യന്തികമായി മെത്രാൻ കക്ഷിക്കാർ തന്നെ. അവർക്ക് തൽക്കാലം പ്രവർത്തിക്കുവാൻ അങ്ങയുടെ സാമ്പത്തിക സഹായം മതി.

തീർന്നില്ല, ഇനിയും അങ്ങയെ കുന്നംകുളം ഏൽപ്പിക്കാൻ പോവുകയാണെന്ന് പ്രചരണം നടക്കുന്നു. അത് അങ്ങേയ്ക്കെതിരെ പുതിയ ചതിക്കുഴി ഒരുക്കുകയാണ്. അങ്ങ് വിചാരിക്കുന്നുണ്ടോ നിയുക്ത മാർ മിലിത്തിയോസ് ഈ മണ്ടത്തരം കാണിക്കുമെന്ന്. കുന്നംകുളക്കാര് അങ്ങയെ അംഗീകരിക്കുമെന്ന് തോന്നുന്നുണ്ടോ. അടുത്ത വാഗ്ദാനം ഡൽഹി തരാമെന്ന്. അവിടുത്തെ മെത്രാച്ചന് ആരോഗ്യപ്രശ്നങ്ങളുണ്ടല്ലോ. അതുവേറൊരു ചതിക്കുഴി. ഡൽഹിയിലേയ്ക്ക് പറഞ്ഞുവിട്ടാൽ യാക്കോബായസഭയുടെ സ്വത്തായ തൃശൂർ മണ്ണൂത്തി അരമന കൈക്കലാക്കാമല്ലോ. പതുക്കെ അവിടെ മെത്രാനെ നിയമിക്കും. അങ്ങനെ മാർ മിലിത്തിയോസിനെ തൃശൂരിൽ നിന്ന് പറഞ്ഞുവിടാം. ഈ നാടകം ഇങ്ങനെ തുടർന്നുകൊണ്ടേ ഇരിക്കും.

മാർ മിലിത്തിയോസ്, അങ്ങ് ഒന്നോർക്കുന്നത് നല്ലത്. അങ്ങ് യാക്കോബായ സഭയിൽ ആയിരുന്നപ്പോൾ 28 പള്ളികളുടെ മെത്രാച്ചനായിരുന്നു. ഇപ്പോൾ അര പള്ളിയുടെ മെത്രാച്ചൻ. യാക്കോബായ സഭയിൽ യൂത്തിന്റെ ചുമതല ഉണ്ടായിരുന്നു. മെത്രാൻ കക്ഷികളുടെ യൂത്തിന്റെ നേതൃത്വം നഷ്ടപ്പെടാൻ പോകുന്നു. യാക്കോബായ സഭയിൽ സുന്നഹദോസ് സെക്രട്ടറിയായിരുന്നു. മെത്രാൻകക്ഷികളുടെ സുന്നഹദോസിൽ രണ്ടാംതരക്കാരൻ. യാക്കോബായ സഭയിലെ സെമിനാരി അദ്ധ്യാപകനായിരുന്നു. മെത്രാൻകക്ഷികളുടെ സെമിനാരിയുടെ മുറ്റത്ത് പോലും കയറ്റില്ല. ഒരുകാര്യം സൂക്ഷിച്ചാൽ കൊള്ളാം. യാക്കോബായക്കാരിൽനിന്നും തട്ടിയെടുത്ത തൃശൂർ മണ്ണൂത്തി അരമന എന്നാണോ നഷ്ടപ്പെടാൻ പോകുന്നത്. അതിന് പറ്റിയ കൂട്ടുകാരനെ അണ് ലഭിച്ചിരിക്കുന്നത്. സാക്ഷാൽ സഖറിയ പുരോഹിതന്റെ പേരുകാരൻ. അദ്ദേഹം വേണ്ടത് ചെയ്തുകൊള്ളും.

ഇപ്പോൾ മിണ്ടാതെയിരിക്കുന്ന മാർ അത്തനാസ്യോസിന് ഇത് നല്ല ചൂണ്ടുപലകയാണ്. എപ്പോഴായിരിക്കുമോ പുണ്യവാനായ ശ്രേഷ്ഠ പൗലോസ് ദ്വിതീയൻ ബാവായുടെ ചിത്രം മൂവാറ്റുപുഴ എ.സി. റോഡിൽ എത്തുന്നത്. ഇപ്പോൾ ഒരു മുറിയെ പൂട്ടിയിട്ടുള്ളൂ. ബാക്കി വരാനിരിക്കുന്നതേയുള്ളൂ. നല്ലത് വരുത്താൻ പ്രാർത്ഥിക്കാം.

## വിവാഹതർക്ക പരിഹാരത്തിന് സഭാകോടതി രൂപീകരിക്കുന്നു

വിവാഹസംബന്ധമായ തർക്കങ്ങൾക്ക് പരിഹാരം കാണുന്നതിന് പരി.സഭ (ഭദ്രാസനടിസ്ഥാനത്തിൽ) മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ വിദഗ്ദരായ നിയമജ്ഞന്മാരും ബഹു. വൈദീകരും ഉൾപ്പെട്ട സഭാ കോടതികൽ രൂപീകരിക്കുവാൻ യാക്കോബായ സുറിയാനി സഭ എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. ശ്രേഷ്ഠ കാതോലിക്കാ ബാവ നമ്പർ പി.15/2000 കൽപന വഴി വിശ്വാസികളെ അറിയിച്ചിരുന്നു. ഇനിമുതൽ വിവാഹസംബന്ധമായി ഉണ്ടാകുന്ന തർക്കപരിഹാരത്തിന് ബഹു.കുടുംബകോടതിയെ സമീപിക്കുന്നതിന് മുമ്പ് ഈ വിദഗ്ദ സമിതിയുടെ അനുവാദം വാങ്ങേണ്ടതാണ്.

പരി.സഭയിൽ സുവിശേഷവേലയ്ക്ക് ഒരുങ്ങുന്നവർ പരി. സഭയുടെ കീഴിലുള്ള അക്കാഡമി നടത്തുന്ന കോഴ്സ് പൂർത്തിയാക്കേണ്ടതാണ്.

വൈദീകസെമിനാരി വഴിക്കല്ലാതെ ആരെയും വൈദീക സ്ഥാനത്തേയ്ക്ക് പ്രവേശിപ്പിക്കരുതെന്നുള്ള മുൻ തീരുമാനം ഒരിക്കൽകൂടി സുന്നഹദോസ് ഓർമ്മപ്പെടുത്തി.

എല്ലാ ഇടവകകളും ആദ്ധ്യാത്മികരംഗത്ത് സൂക്ഷ്മതയോടെ പ്രവർത്തിക്കുന്നതോടൊപ്പം പള്ളി വരുമാനത്തിന്റെ കുറച്ചുഭാഗം ആതുരസേവനം ഉൾപ്പെടെ സാധുജന സംരക്ഷണത്തിനായി വിനിയോഗിക്കുന്നതിൽ കരുതലുള്ളവരായിരിക്കണമെന്ന് ബാവാ ആവശ്യപ്പെട്ടു.

## ജനുവരി 26 ന് തൃക്കുന്നത്ത് സെമിനാരി പള്ളി ആരാധനയ്ക്കായി തുറന്ന് നൽകണം

ആലുവായിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധനായ പൗലോസ് മോർ അത്താനാസ്യോസ് വല്യ തിരുമേനിയുടെ ഓർമ്മദിവസമായ ജനുവരി 26 ആലുവ തൃക്കുന്നത്ത് സെമിനാരി ആരാധനയ്ക്കായി തുറന്നു നൽകണമെന്ന് അന്ത്യോഖ്യാ വിശ്വാസസംരക്ഷണസമിതി ആവശ്യപ്പെട്ടു. അന്ത്യോഖ്യാ വിശ്വാസസംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ ഉപവാസപ്രാർത്ഥനായജ്ഞം 2006 ഡിസംബർ 9–ാം തീയതി രണ്ടാം ശനിയാഴ്ച സെമിനാരിക്ക് സമീപമുള്ള കുരിശിൻതൊട്ടിയിൽ പ്രത്യേകം തയ്യാറാക്കിയ പന്തലിൽവച്ച് രാവിലെ 7.30 ന് പ്രഭാതപ്രാർത്ഥനയും 8 മണിക്ക് വി. കുർബ്ബാനയുമായി ആരംഭിച്ച് 2 ണിക്ക് അവസാനിക്കുന്നതാണ്. ഇത് സംബന്ധിച്ച് ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത പള്ളികളിൽ കൽപന പുറപ്പെടുവിച്ചു.

ശ്രേഷ്ഠ കാതോലിക്ക ബാവ തിരുമേനിയും സഭയിലെ അഭിവന്ദ്യ തിരുമേനിമാരും ഈ പ്രാർത്ഥനായജ്ഞത്തിൽ സംബന്ധിക്കുന്നതാണ്.

പുണ്യശ്ലോകനായ കടവിൽ പൗലോസ് മാർ അത്താനാസിയോസ്, പരിശുദ്ധനായ പൗലോസ് മാർ അത്താനാസിയോസ് വലിയ തിരുമേനി, പുണ്യശ്ലോകനായ വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനി എന്നീ പിതാക്കന്മാരുടെ കബറിടം സ്ഥിതി ചെയ്യുന്ന പള്ളിയിൽ ആരാധനയും, ധൂപപ്രാർത്ഥനയും, സെമിനാരിയിൽ പ്രവർത്തനസ്വാതന്ത്ര്യവും, ബഹു.ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ലഭിക്കുന്നതിനാണ് ഈ പ്രാർത്ഥനായജ്ഞം ക്രമീകരിച്ചിരിക്കുന്നത്.

വിശ്വാസസംരക്ഷണസമിതിക്ക് മുഴുവൻ സമയം പ്രവർത്തിക്കുവാൻ ഒരു മെത്രാപ്പോലീത്തായെ വാഴിച്ച് തരണമെന്ന് യോഗം സുന്നഹദോസിനോട് അഭ്യർത്ഥിച്ചു. അഭിവന്ദ്യ ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെ അദ്ധ്യക്ഷതയിൽ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ ഉത്ഘാടനം ചെയ്തു.

ഏലിയാസ് കേഴിപറമ്പത്ത് റമ്പാൻ, സമുദായ സെക്രട്ടറി തമ്പു ജോർജ് തുകലൻ, ഷെവ. കെ.ഒ. മാത്യു, ഷെവ. ജോൺ പുന്നമറ്റം, ഷെവ.മോൻസി വാവച്ചൻ, ഷെവ.പൗലോസ് കൂരൻ, ഫാ.കുറിയാക്കോസ് തുകലൻ, കമാണ്ടർ ഇ.എം. ജോൺ, ബിബി എബ്രഹാം, ഡോ.കെ.സി.രാജൻ തുടങ്ങിയവർ ആശംസകളർപ്പിച്ച് പ്രസംഗിച്ചു.

Sponsored by: Mor adai Study Center http://moradaistudycenter.cjb.net

**സ്വയമ്ഭൂവും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രീയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കുസ്തുതി).**

**അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും വി. പത്രോസിന്റെ അപ്പസ്തോലിക സിംഹാസനത്തിൽ കീഴിലുള്ള യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ കാതോലിക്കയും മെത്രാപ്പോലീത്തൻ ട്രസ്റ്റിയുമായ ബസേലിയോസ് തോമസ് പ്രഥമൻ**

എനിക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും ബഹു. വികാരിമാരും, സഹവികാരിമാരും, കൈക്കാരന്മാരും, കമ്മറ്റിക്കാരും, ഭക്തസംഘടനാപ്രവർത്തകരും ശേഷം ജനങ്ങളുമാകുന്ന ആത്മീയ വാത്സല്യമക്കൾക്ക് കർത്താവിവ് വാഴ്വ്.

വളരെ പ്രാർത്ഥിച്ചും ദൈവത്തിലാശ്രയിച്ചും ദൈവത്തെ സ്തുതിച്ചുകൊണ്ട് വിനയത്തോടെ അറിയിക്കുന്നത്.

പരി.സഭ കാഠിന്യമേറിയ പീഢകളുടെ മദ്ധ്യത്തിൽ വളരുന്നതിന് ദൈവത്തിന്റെ അളവറ്റ കരുണ ചൊരിഞ്ഞുകൊണ്ടിരിക്കുന്നതോർത്ത് വീണ്ടും വീണ്ടും ദൈവത്തെ സ്തുതിക്കുകയാണ്. സഭാകാര്യങ്ങളിൽ അറ്റം മുതൽ അറ്റം വരെ വളരെക്കാര്യങ്ങൾ നിവർത്തിക്കപ്പെടേണ്ടിയിരിക്കുന്നു. സാധാരണക്കാരായ ദൈവമക്കൾക്ക് ആത്മീയമായ ഉണർവ്വും യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ആഴവും സഭാകാര്യങ്ങളെക്കുറിച്ചുള്ള ജ്ഞാനവും ലഭിക്കേണ്ടതിലേയ്ക്ക് പരി. സഭയുടെ കീഴിൽ ജേക്കബൈറ്റ് സിറിയൻ ഓർത്തഡോക്സ് ലിറ്റർജിക്കൽ & ബിബ്ലിക്കൽ അക്കാദമി എന്ന പ്രസ്ഥാനം ആരംഭിച്ചിട്ട് ഒരു വർഷത്തോളമായി. പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ ഞായറാഴ്ചകളിൽ നടക്കുന്ന ക്ലാസ്സുകൾക്ക് അഭിവന്ദ്യ തിരുമേനിമാരുൾപ്പെടെ പന്ത്രണ്ടോളം വിജ്ഞാനികളായ ഗുരുഭൂതന്മാർ നേതൃത്വം നൽകുന്നു. സമൂഹത്തിന്റെ എല്ലാ മേഖലയിലുമുള്ള നൂറ്റമ്പതോളം സ്ത്രീപുരുഷന്മാർ പ്രായഭേദമെന്യെ ക്ലാസ്സുകളിൽ പങ്കെടുത്തുവരുന്നു. ഓരോ ഭദ്രാസനങ്ങൾ കേന്ദ്രീകരിച്ചും വലിയ ഇടവകകൾ കേന്ദ്രീകരിച്ചും ഈ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിൽ അഭിവന്ദ്യ പിതാക്കന്മാരും ബഹു.വൈദീകരും ഭദ്രാസന ഭാരവാഹികളും ശ്രദ്ധിച്ചുകൊള്ളണം. സമീപഭാവിയിൽ പരി.സഭയിൽ സുവിശേഷവേലയ്ക്ക് ഒരുങ്ങുന്നവർ പരി. സഭയുടെ കീഴിലുള്ള അക്കാഡമി നടത്തുന്ന കോഴ്സ് പൂർത്തിയാക്കിയവരായിരിക്കണമെന്ന് പരി.സുന്നഹദോസ് നിശ്ചയിച്ചിട്ടുള്ള വിവരം നാം നിങ്ങളെ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾ സഭാ സെന്ററിൽനിന്നും അറിയാവുന്നതാണ്.

കുടുംബങ്ങൾ വഴി വ്യക്തികളുടെ ക്രിസ്തീയതയും സഭാജീവിതവും ശോഭനമായി അതുവഴി കുടുംബങ്ങൾ കുട്ടി സ്വർഗ്ഗമായിത്തീർന്ന് ശാന്തിയും സമാധാനവും ഇടവകകളിലും സമൂഹത്തിലും പ്രതിഫലിക്കുവാൻ തക്കവണ്ണമുള്ള പ്രവർത്തനങ്ങളിൽ നാം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. നമ്മുടെ കർത്താവിന്റെ തിരുവിഷ്ടം നിറവേറ്റപ്പെടുവാനും സഭാമക്കൾ പരസ്പര സ്നേഹത്തിലും ഐകമത്യത്തിലും വളർന്ന് എല്ലാ ഭവനങ്ങളിലും പ്രാർത്ഥനയുടെ അനുഭവം എത്തി കുടുംബങ്ങൾ തകർന്നുപോകാതെ ശാന്തിയും സമാധാനവും അനുഭവിക്കുവാനും അപ്പസ്തോല കാലത്തും തുടർന്നുള്ള കാലയളവിലും ക്രിസ്തുയേശുവിൽ വളർന്നതുപോലെ വളരുവാനുള്ള സാഹചര്യം ഉണ്ടാക്കുവാനും തക്കവണ്ണം ഇടവകതലത്തിൽ കുടുംബയൂണിറ്റുകൾ രൂപീകരിക്ക്ണമെന്നും പരി. സുന്നഹദോസ് നിശ്ചയിച്ചു. അതിൻപ്രകാരം നമ്മുടെ എല്ലാ പള്ളികളിലും ഇടവകയുടെ പരിപൂർണ്ണ നിയന്ത്രണത്തിൽ കുടുംബയൂണിറ്റുകളും പ്രാർത്ഥനായോഗങ്ങളും എത്രയും വേഗം ആരംഭിച്ച് വിവരം ഇവിടെ അറിയിക്കേണ്ടതാണ്.

എല്ലാ ഇടവകകളും ആദ്ധ്യാത്മിക രംഗത്ത് സൂക്ഷ്മതയോടെ പ്രവർത്തിക്കുന്നതോടൊപ്പം പള്ളി വരുമാനത്തിൽ കുറഞ്ഞത് ദശാംശമെങ്കിലും ആതുരസേവനരംഗം ഉൾപ്പെടെ സാധുജന സംരക്ഷണത്തിനായി വിനിയോഗിക്കുന്നതിൽ കരുതലുള്ളവരായിരിക്കണം.

വിവാഹ മോചനകേസ്സുകൾ ഉണ്ടാകുവാൻ പാടില്ലാത്തതാകുന്നു. പരി.സഭ ഭദ്രാസനാടിസ്ഥാനത്തിൽ മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ വിദഗ്ദരായ നിയമജ്ഞനമാരും ബഹു. വൈദീകരും ഉൾപ്പെട്ട സഭാ കോടതികൾ രൂപീകരിച്ച് അതുവഴി വിവാഹ സംബന്ധമായ തർക്കങ്ങൾക്ക് അവിടവിടെ പരിഹാരം കണ്ടെത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. ഇനിമുതൽ വിവാഹസംബന്ധമായി ഉണ്ടാകുന്ന തർക്ക്പരിഹാരത്തിന് ബഹു. കുടുംബകോടതിയെ സമീപിക്കുന്നതിന് മുമ്പ് ഈ വിദഗ്ദ സമിതിയുടെ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്. കുടുംബജീവിതം ധന്യമായിത്തീരേണ്ടതില്യ്ക്ക് വിവാഹത്തിനുമുമ്പ് യുവതിയുവാക്കൾക്ക് വിദഗ്ദോപദേശം ലഭിക്കുവാൻ തക്കവണ്ണം ക്രമീകരിച്ചിട്ടുള്ള പ്രീ മാരിറ്റൽ കോഴ്സിൽ യുവതിയുവാക്കൾ നിർബ്ബന്ധമായും പങ്കെടുക്കേണ്ടതാണ്. പരി. സഭയുടെ വളർച്ചയുടെ പ്രധാന കണ്ണിയായ വൈദീകസെമിനാരി വളർന്ന് വികസിച്ച്കൊണ്ടിരിക്കുന്നു എന്ന് ഏറെ സന്തോഷത്തോടെ അറിയിക്കട്ടെ. പരി. സുന്നഹദോസും സഭാസമിതികളും നിശ്ചയിച്ചതിൻപ്രകാരവും പരി. പാത്രിയർക്കീസ് ബാവയുടെ ഇ 78/01-ാം നമ്പർ കൽപനപ്രാകരവും ഇടവകയുടെ വാർഷികവരുമാനത്തിന്റെ 1% വൈദീക സെമിനാരിക്ക് കൃത്യമായി കൊടുത്തവിവരം ഇവിടെ ബോധ്യപ്പെടുത്തേണ്ടതാണ്. വൈദീകസെമിനാരി വഴിക്കല്ലാതെ ആരെയും വൈദീക സ്ഥാനത്തേയ്ക്ക് പ്രവേശിപ്പിക്കരുതെന്നുള്ള പരി.സഭയുടെ തീരുമാനവും പരി. പാത്രിയർക്കീസ് ബാവായുടെ കൽപനയും പരി.സഭയുടെ എല്ലാ തലങ്ങളിലുമുള്ളവർ അറിഞ്ഞിരിക്കണം.

വീണ്ടും പ്രിയരെ,

പരി. സഭയുടെ ആസ്ഥാനമായ പാത്രയർക്കാ സെന്ററിന്റെ ഇരുവശവും ഉള്ള കെട്ടിടങ്ങളുടെ പണികൾ അതിവേഗത്തിൽ നടന്നുകൊണ്ടിരിക്കുന്നു. അതോടൊപ്പം പാത്രിയർക്കാ സെന്ററിൽ പണിയുന്ന വലിയ ദേവാലയത്തിന്റെ പണിയും പൂർത്തിയായികൊണ്ടിരിക്കുന്നു. ദേവാലയത്തിന്റെ നിർമ്മാണത്തിനും സെന്ററിന്റെ ഇരുവശങ്ങളിലും പണിതുകൊണ്ടിരിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണത്തിനും പരി.സഭയിലെ എല്ലാ ഇടവകകളും മതിയായ ഓഹരി നൽകിയിരിക്കണം. ഇതിനോടകം അനേകം പള്ളികൾ തങ്ങളുടെ ഓഹരി പാത്രിയർക്കാ സെന്ററിൽ എത്തിച്ചുതന്നു. പരി. സഭയിലെ കമാൻഡർമാരും, ഷെവലിയാർമാരും, സാമ്പത്തികശേഷിയുള്ള ദൈവമക്കളും കലവറകൂടാതെ സഹായിച്ചുകൊണ്ടിരിക്കുന്നതും നന്ദിയോടെ ഓർക്കുന്നു.

പരി.സഭവളരുന്നതോടൊപ്പം സഭാ കേന്ദ്രത്തിന്റെ ദൈനംദിന ചെലവുകളും വർദ്ധിച്ചുവരുന്നു. സഭാകേന്ദ്രത്തിന്റെ ഏകവരുമാനമാർഗം കവർ പിരിവാണ്. അഭിവന്ദ്യ തിരുമേനിമാരും വൈദീകരും ഇക്കാര്യത്തിൽ അത്യുത്സാഹം ചെയ്യുന്നു എന്നറിയുന്നതിൽ അത്യധികം സന്തോഷിക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു. ഏതാനും പള്ളികൾ പിരിവ് പൂർത്തിയാക്കി തങ്ങളുടെ കടമ മാതൃകയായി നിവർത്തിച്ചുകഴിഞ്ഞു. ശേഷിക്കുന്ന പള്ളികളും തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റി കവർപിരിവിലൂടെ ലഭിച്ച തുകയും പള്ളിയിൽ നിന്നുള്ള സംഭാവനയും ചേർത്ത് പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ കഴിയുന്നത്രവേഗത്തിൽ എത്തിച്ച് തങ്ങളുടെ കടമ നിവർത്തിച്ചുകൊള്ളണം. കവർ പിരിവ് സംബന്ധിച്ച് അഭിവന്ദ്യപിതാക്കന്മാരായ ഭദ്രാസന മെത്രാപ്പോലീത്തമാർ അയച്ചിട്ടുള്ള കൽപന പ്രകാരം കവർ പിരിവ് നടത്തി തീരാത്ത പള്ളികളിലെ ബഹു.വൈദീകർ അത്യുത്സാഹം ചെയ്ത് പരി. സഭയുടെ ഏകവരുമാനമാർഗ്ഗമായ ഈ സംരഭത്തിൽ സഹകരിക്കുവാൻ ഒരിക്കൽക്കൂടെ ഓർമ്മിപ്പിക്കുന്നു. സഭാ സംബന്ധമായി ഇടവകകൾ ചെയ്ത് തീർക്കേണ്ട ചുമതല നിർവ്വഹിക്കാത്ത ഇടവകകൾക്ക് മെത്രാപ്പോലീത്തന്മാരുടെ സേവനം നിവർത്തിച്ച് കൊടുക്കേണ്ടതില്ലെന്നുള്ള മുൻതീരുമാനം ഓരോ ഇടവകയുടെയും ഭരണസമിതി അറിഞ്ഞിരിക്കേണ്ടതാണ്. ശേഷം പിന്നാലെ .........

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർത്തിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാം അമ്മയുടെയും, സകല പരിശുദ്ധന്മാരുടെയും, ശുദ്ധിമതികളുടെയും, പ്രത്യേകാൽ ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെയും, ഇന്ത്യയുടെ കാവൽപിതാവായ മോർ തോമാശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........

# അനുസ്മരണം – തോമ്പ്ര ഏലിയാസ് കോറെപ്പിസ്കോപ്പ

## ഷെവ. പി.കെ. പൗലോസ് കൂരൻ

വിശ്വാസസംരക്ഷണ പ്രസ്ഥാനത്തിന്റെ ആരംഭം മുതൽ ധീരനേതൃത്വം നൽകി പ്രതിഫലേഛ കൂടാതെ തന്റെ പൗരോഹിത്യ ജീവിതം പൂർണ്ണമായി വി. സഭയ്ക്കുവേണ്ടി ചെലവഴിച്ച വ്യക്തിയാണ് തോമ്പ്ര ഏലിയാസ് കോറെപ്പിസ്കോപ്പ. അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന ഫീലിപ്പോസ് തെയോഫിലോസ് മെത്രാപ്പോലീത്തായുടെ പരി. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള കൂറിലും വിശ്വാസത്തിലും സംശയാലുവുമായ ഏലിയാസ് ശെമ്മാശൻ കശ്ശീശ്ശ പട്ടം സ്വീകരിച്ചത് അഭിവന്ദ്യ പൗലോസ് മാർ പിലക്സിനോസ്



മെത്രാപ്പോലീത്തായിൽ (കാലം ചെയ്ത ശ്രേഷ്ഠ കാതോലിക്കബാവ) നിന്നുമാണ്. 1973-ൽ പട്ടം സ്വീകരിച്ച് അദ്ദേഹം നേരെ വന്നത് പെരുമ്പാവൂർ ബഥേൽ സുലോക്കോ പള്ളിയിൽ നടന്നിരുന്ന അങ്കമാലി ഭദ്രാസന വിശ്വാസ സംരക്ഷണ സമിതിയുടെ യോഗത്തിലേയ്ക്കായിരുന്നു. അങ്കമാലി ഭദ്രാസത്തിലേയും സഭയിലേയും വിശ്വാസ സംരക്ഷണ പ്രസ്ഥാനത്തിന്റെ നെടുംതൂണുകളിലൊന്നായിരുന്നു അച്ചൻ. അഭിവന്ദ്യ ദിവന്ന്യാസിയോസ് തിരുമേനിയോടൊപ്പം (ശ്രേഷ്ഠ കാതോലിക്കബാവ) മലബാറിൽ ഏറെ ദിവസങ്ങൾ താമസിച്ച് വിശ്വാസസംരക്ഷണ പ്രവർത്തനം നടത്തിയിട്ടുണ്ട്. ആലുവ പള്ളി സമരത്തിന്റെ നേതൃത്വം ഏലിയാസ് അച്ചനായിരുന്നു. ആ സമരത്തിനോടനുബന്ധിച്ചുണ്ടായ പോലീസ് മർദ്ദനത്തിനും, ലാത്തി ചാർജ്ജിനും, ജയിൽ വാസത്തിനും ഇദ്ദേഹം വിധേയനായിട്ടുണ്ട്. മാർ ദിവന്ന്യാസിയോസ് തിരുമേനി (ശ്രേഷ്ഠ കാതോലിക്കബാവ) ആലുവായിൽ അറസ്റ്റിലായി എന്ന വാർത്ത കേട്ടപ്പോൾ നഴ്സറി ക്ലാസ്സിൽ നിന്നും തിരിച്ചുകൊണ്ടുവരേണ്ടതായ ഏകമകന്റെ കാര്യം പോലും മറന്ന് അച്ചൻ ആലുവായിലേയ്ക്ക് ഓടി.

അങ്കമാലി ഭദ്രാസന സെക്രട്ടറി, എം.ജെ.എസ്.എസ്.എ. അസോസിയേഷൻ വൈസ് പ്രസിഡന്റ്, സണ്ടേസ്കൂൾ സിലബസ് കമ്മിറ്റി ചെയർമാൻ എന്നീ നിലകളിൽ അച്ചൻ അനേകവർഷം പ്രവർത്തിച്ചിട്ടുണ്ട്. സ്വന്തം വീട് വിറ്റ് ബാങ്കിൽ നിക്ഷേപിച്ചിരുന്ന പണം വിശ്വാസസംരക്ഷണ പ്രവർത്തനങ്ങൾക്ക് നൽകുവാൻ മടി കാണിക്കാത്ത വ്യക്തിയാണ് ഇദ്ദേഹം. വിശ്വാസ സംരക്ഷണപ്രവർത്തനങ്ങൾക്കായി വീടും കുടുംബവും ഉപേക്ഷിച്ച വ്യക്തിയാണ് തോമ്പ്ര ഏലിയാസ് അച്ചൻ എന്നു പറയുന്നതിൽ അതിശയോക്തിയില്ല. കർമ്മനിരതനായിരുന്ന അച്ചൻ 2005 ജൂൺ 25 ന് നിര്യാതനായി.

# കണ്ടതും കേട്ടതും

# കാലുമാറിയവരുടെ ദുരവസ്ഥ

യാക്കോബായ സഭയിൽനിന്നും കാലുമാറി മെത്രാൻകക്ഷി സഭയിലേയ്ക്ക് ചേക്കേറിയവരുടെ ഇന്നത്തെ ദുരവസ്ഥയെ ഓർത്ത് കാഴ്ചക്കാർ വിലപിക്കുകയല്ലാതെ എന്തു ചെയ്യും. മെത്രാൻകക്ഷി ഭരണഘടനപ്രകാരമല്ലാതെ വളഞ്ഞ വഴിയിലൂടെ അങ്കമാലി ഭദ്രാസന സഹായ മെത്രാനായി തീർന്ന യൂഹാനോൻ മാർ മിലിത്തിയോസിന് ഉണ്ടായ ദുരവസ്ഥ ഓർത്ത് സങ്കടം തോന്നുന്നു. നവം. 20 മുതൽ 22 വരെ കൂടിയ മെത്രാൻകക്ഷി സുന്നഹദോസിൽ മാർ പക്കോമിയോസ്, മാർ യൗസേബിയോസ് എന്നിവർ ചേർന്ന് അങ്കമാലി ഭദ്രാസനത്തിന്റെ ഇന്നത്തെ അവസ്ഥയിൽ മാർ മിലിത്തിയോസിനെ അവിടെനിന്ന് മാറ്റണമെന്ന് ആവശ്യപ്പെടുകയുണ്ടായി. കാലുമാറിയ കണ്ടനാട് മാർ അത്താനാസ്യോസ് ഈവിഷയം പിന്നീടാലോചിക്കാമെന്ന് പറഞ്ഞുവെങ്കിലും, പറ്റില്ല ഇപ്പോൾ തന്നെ തീരുമാനമെടുക്കണമെന്ന് മറ്റു മെത്രാച്ചന്മാർ പറയുകയും സുന്നഹദോസിന്റെ തീരുമാനമായി യൂഹാനോൻ മാർ മിലിത്തിയോസിനെ അങ്കമാലിയിൽനിന്ന് മാറ്റുന്നതായും പകരം നിയുക്ത കുന്നംകുളം കാതോലിക്കായെ അങ്കമാലിക്ക് നിയമിക്കുന്നതായും നിശ്ചയിക്കുകയും ആയത് റിക്കാർഡിംഗ് സെക്രട്ടറി മാത്യൂസ് മാർ സേവേറിയോസ് സുന്നഹദോസ് തീരുമാനങ്ങളായി എഴുതുകയും മെത്രാച്ചൻ ഒപ്പിടുകയും ചെയ്തു. കണ്ടനാട് മാർ അത്തനാസ്യോസ് പുറത്തിറങ്ങി മാർ മിലിത്തിയോസിനെ വിളിച്ച് വിവരം അറിയിച്ചു. മാർ മിലിത്തിയോസ് ഉടനെ ആലുവായിൽ തന്റെ എല്ലാ പ്രവർത്തികൾക്കും കൂട്ടുനിൽക്കുന്ന ഒരു വർക്കിംഗ് കമ്മിറ്റിയംഗത്തിന്റെ ഓഫീസിൽ യോഗം ചേർന്നു. അങ്കമാലി ഭദ്രാസനത്തിലെ ഒരു വൈദീകൻ മാത്രമെ ഈ യോഗത്തിൽ ഉണ്ടായിരുന്നുള്ളൂ. യോഗത്തിന്റെ പിറ്റേദിവസം വിവിധ പള്ളികളിൽ നിന്നുള്ള പ്രതിനിധികൾ ദേവലോകത്ത് പോയി തീരുമാനം പിൻവലിപ്പിക്കുവാൻ സമ്മർദ്ദം ചെലുത്തണമെന്ന് തീരുമാനിച്ചു. തുടർന്ന് മാർ മിലിത്തിയോസും വർക്കിംഗ് കമ്മിറ്റിയംഗവും ദേവലോകത്ത് ചെന്നു. ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന ദിദിമോസ് കാതോലിക്കായ്ക്ക് “ഇതാ എന്റെ രാജി”എന്ന് പറഞ്ഞ് രാജികത്ത് മേശപ്പുറത്ത് വച്ചു. ഇരിക്ക് ഭക്ഷണം കഴിക്കാമെന്ന് ദിദിമോസ് ബാവ പറഞ്ഞുവെങ്കിലും എനിക്ക് പോകണമെന്നു പറഞ്ഞ് മാർ മിലിത്തിയോസ് സ്ഥലം വിട്ടു. പിറ്റേന്ന് കൂടിയ സുന്നഹദോസിന് പ്രായാധിക്യത്താൽ ഭരണം മതിയാക്കി തിരിച്ചുപോരുന്ന അമേരിക്കൻ ഭദ്രാസനത്തിന്റെ മാർ ബർണബാസിന് പകരം സഹായകനായി കാലുമാറിയ നിക്കളോവാസിനെ നിയമിക്കേണ്ട എന്ന് തീരുമാനിച്ചു. കാലുമാറിവന്ന മെത്രാച്ചന്മാരെ ഇനി തെക്കുള്ള ഒരു പള്ളികളിലും ക്ഷണിക്കേണ്ടതില്ലെന്ന് തെക്കൻ മെത്രാച്ചന്മാർ ഏകകണ്ഠമായി തീരുമാനിച്ചു.

### കാലുമാറിയവരുടെ ഇന്നത്തെ അവസ്ഥ

യാക്കോബായ സഭ തങ്ങളെ ഉൾക്കൊള്ളില്ലെന്ന് ബോധ്യമായതിനെത്തുടർന്ന് മലങ്കര കത്തോലിക്കാ റീത്തിലെ മൂവാറ്റുപുഴ മെത്രാനുമായി നിരന്തരം സമ്പർക്കം പുലർത്തി വരുന്നതായി കാഴ്ചക്കാർ മനസ്സിലാക്കിയിരിക്കുന്നു.

*****************************************************************************************

യൂഹാനോൻ മാർ മിലിത്തിയോസ് ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ കയറികൂടിയതിന് ശേഷം വർഷങ്ങളായി സെമിനാരിയിൽ കാത്തുസൂക്ഷിച്ചിരുന്ന പരിശുദ്ധനായ വലിയ തിരുമേനിയുടെയും മാർ തെയോഫിലോസിന്റെയും സ്വർണ്ണത്തിന്റെ കുരിശും മാലയും സ്ലീബായും കാണ്മാനില്ലെന്ന് കാഴ്ചക്കാർ മനസ്സിലാക്കിയിരിക്കുന്നു. മാർ ദിദിമോസ് ചോദിച്ചപ്പോൾ താൻ ബാങ്ക് ലോക്കറിൽ വച്ചിരിക്കുകയാണെന്ന് മാർ മിലിത്തിയോസ് പറഞ്ഞത് ദിദിമോസ് ബാവ ഗൗരവമായി എടുത്തു എന്ന് കാഴ്ചക്കാർ മനസ്സിലാക്കുന്നു. പിതാക്കന്മാരുടെ തിരുശേഷിപ്പുകൾ ബാങ്ക് ലോക്കറിലാണോ സൂക്ഷിക്കേണ്ടത് എന്ന് വിവരമുള്ള ഓർത്തഡോക്സ് മെത്രാൻമാർ പറഞ്ഞതിനോട് കാഴ്ചക്കാർ യോജിക്കുന്നു. ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ പെരുന്നാളിന് ചിലവഴിക്കപ്പെട്ടത് അറുപതിനായിരം രൂപയോളമായിരുന്നു. എന്നാൽ കഴിഞ്ഞവർഷം മാർ മിലിത്തിയോസ് ചിലവഴിച്ചത് 4 ലക്ഷം രൂപയാണ്. അഞ്ഞൂറോളം പേര് പങ്കെടുത്ത പെരുന്നാളിന് ചെലവ്. മാർ മിലിത്തിയോസും വർക്കിംഗ് കമ്മിറ്റി അംഗം ജോൺ സഖറിയായും ഫാ.ബോബി വർഗീസും ചേർന്ന അച്ചുതണ്ടാണ് പണം അപഹരിച്ചത് എന്ന് മാർ ദിദിമോസിന് പരാതി നൽകിയിട്ടുള്ളതായി അറിയുന്നു. മാർ ദിദിമോസിന് അനുകൂലമായ കോടതിവിധി സമ്പാദിക്കുവാൻ ഞാൻ ചെയ്ത കാര്യങ്ങൾ മറക്കരുതെന്ന് മാർ മിലിത്തിയോസ് മാർ ദിദിമോസിനെ ഭീഷണിപ്പെടുത്തിയതായി ദേവലോകത്തുനിന്നും അറിയുവാൻ കഴിഞ്ഞു.

# മാർ ഐറേനിയോസും എന്റെ വിയോജിപ്പുകളും

കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ

## ആമുഖം

കഴിഞ്ഞ ലക്കം 'വിശ്വാസസംരക്ഷക'നിൽ മാർ ഐറേനിയസിന്റെ പേരിൽ 'ഓർത്തഡോക്സ് ഹെറാൾഡ്' എന്ന ഒരു ഞായറാഴ്ച വാരികയിൽ പ്രസിദ്ധീകരിച്ചിരുന്ന ഒരു ലേഖനത്തിലെ പ്രതിപാദ്യങ്ങളെക്കുറിച്ചുള്ള എന്റെ വിയോജിപ്പുകൾ എഴുതിയിരുന്നത് വായനക്കാർ ശ്രദ്ധിച്ചു എന്നതിൽ സന്തോഷമുണ്ട്. എന്നാൽ എന്റെ ലേഖനത്തിന്റെ പ്രധാന ലക്ഷ്യം മാർ ഐറേനിയസിനെയോ വട്ടശ്ശേരിൽ തിരുമേനിയെയോ വിലയിടിച്ചു കാണിക്കുകയായിരുന്നില്ല. കക്ഷിതിമിരം മൂലമുണ്ടായ ഭാഗീകാന്ധതമൂലം സ്ഥാനോചിതമല്ലാത്ത പദപ്രയോഗങ്ങൾ കൊണ്ടും യാഥാർത്ഥ്യം മറന്നുള്ള വ്യഥാസ്തുതികളും വിശുദ്ധ പദവിക്കനുയോജ്യമല്ലാത്തതെന്ന് മാനുഷികമായി പരിഗണിച്ചുവരുന്ന ബലഹീനതകളെ ആദർശവൽക്കരിച്ച് 'വിശുദ്ധ' പദവി ഉറപ്പിച്ചും പ്രസിദ്ധീകരിച്ച ലേഖനത്തോടുള്ള എന്റെ പ്രതികരണമായിരുന്നു അത്. മലങ്കരസഭ ഏകകണ്ഠമായി സമാദരണീയനായി കരുതി ആദരിച്ചിരുന്ന പരി. പത്രോസ് നാലാമൻ (മൂന്നാമൻ എന്ന് പഴയ രേഖകളിൽ കാണുന്ന) പാത്രിയർക്കീസ് ബാവയെക്കുറിച്ച് തരംതാണ വിധത്തിൽ 'തെണ്ടി നടന്ന' പാത്രിയർക്കീസ് എന്നു വിശേഷിപ്പിച്ച അധമത്വത്തെ വേദനയോടെ അപലപിക്കുവാനും ആയിരുന്നു എന്റെ മുഖ്യലക്ഷ്യം. ഓർത്തഡോക്സ് ഹെറാൾഡ് എന്ന പത്രവും അതിന്റെ ശിൽപികളും എഡിറ്റ് ചെയ്ത് മാറ്റി പക്വത കാണിക്കേണ്ടിയിരുന്ന പ്രസ്തുത ലേഖനത്തിലെ ഏറ്റം നിന്ദ്യമായ ഭാഗം പ്രാധാന്യം നൽകി 'ഹൈലൈറ്റ്' ചെയ്ത് നിറം ചാർത്തി കേന്ദ്ര ആകർഷകമാക്കിയപ്പോൾ പത്രഭാരവാഹികൾ തന്നെ പ്രസ്തുത അപക്വതയ്ക്ക് പങ്കാളികളുമായത് ഞാൻ ചൂണ്ടികാണിച്ചിരുന്നു. സ്വാഭാവികമായും എന്റെ നിരീക്ഷണങ്ങളെ അവർ ഉൾകൊണ്ടു എന്ന് ഞാൻ വിശ്വസിക്കുന്നു. മാർ ഐറേനിയസ് പ്രതികരിച്ചിട്ടില്ല. വളരെ സന്തോഷം! എനിക്ക് ഒരു ഉന്നത സ്ഥാനിയുമായി വീണ്ടും ഏറ്റുമുട്ടേണ്ടി വരുന്നില്ല. ഇനി എങ്കിലും വിയോജിപ്പുകളുടെ മധ്യത്തിലും പക്വതയും പാകതയും നഷ്ടപ്പെടാതെ എഴുതുവാനും അവ പ്രസിദ്ധീകരിക്കുവാനും ഇരുപക്ഷത്തിനും സാധിക്കണമെന്നാണെന്റെ പക്ഷം.

## എന്റെ കെവിയറ്റ്

ലേഖനത്തിലേയ്ക്ക് കടക്കുന്നതിന് മുമ്പായി എന്റെ പക്ഷം ഒന്നു വിശദീകരിക്കട്ടെ. ഒരു സഭാചരിത്ര വിദ്യാർത്ഥിയും തത്സംബന്ധമായ രേഖാസമാഹരണം എന്റെ പ്രത്യേക താൽപര്യവുമാണ്. മലങ്കര സഭാ ഭിന്നതകളിലെ കക്ഷി തൽപര്യങ്ങൾ വച്ച് ഞാൻ മറുപക്ഷത്തെ അക്ഷേപിച്ച് എഴുതാറില്ല. എന്നാൽ മറുപക്ഷത്തുനിന്നും ഉണ്ടാകുന്ന ആക്ഷേപങ്ങളുടെ മുന്നിൽ നിശബ്ദത കാണിക്കാറുമില്ല. എന്റെ സഭയിൽ നിന്നും ആരും പ്രേരിപ്പിച്ചിട്ടോ, പ്രതിഫലമോ ബഹുമതിയോ നൽകിയിട്ടോ അല്ല ഞാൻ ഇതു ചെയ്യുന്നത്. എനിക്കു സത്യമെന്നു തോന്നുന്ന യാഥാർത്ഥ്യങ്ങൾ എന്റെ കൈവശമുള്ള രേഖകളുടെ വെളിച്ചത്തിൽ വിശകലനം ചെയ്യുകയാണെന്റെ പതിവ്. ഈ വിരുദ്ധ മനോഭാവം ഇരുപക്ഷത്തിനും ഉപേക്ഷിച്ചുകൂടേ എന്നു ചോദിക്കുന്ന സ്നേഹിതന്മാർ എനിക്കുണ്ട്. ഞാനും അതാഗ്രഹിക്കുന്നു. പക്ഷേ ഞാൻ സത്യമെന്നു വിശ്വസിക്കുന്ന യാഥാർത്ഥ്യങ്ങളെ തമസ്കരിക്കുവാൻ ശ്രമിക്കുമ്പോൾ അതിനെ 'നിറവും പൊലിമ'യും നൽകി അനേകം പ്രസിദ്ധീകരണങ്ങളിലൂടെ പണ്ഡിതന്മാരും സ്ഥാന ശ്രേഷ്ഠതയുള്ളവരും മത്സരിച്ച് പരിശ്രമിക്കുമ്പോൾ 'അണ്ണാറക്കണ്ണനും തന്നാലായത്' എന്ന മട്ടിൽ പ്രതികരിക്കേണ്ടതിനാണ് ദൈവം എന്നെ 'ഈ എന്റെ സഭയിൽ വിളിച്ചെഴുന്നേൽപ്പിച്ചിരിക്കുന്നതെന്നും' ഞാൻ വിശ്വസിക്കുന്നു. സ്നേഹിതന്മാരും ഇരുപക്ഷത്തുമുള്ള വായനക്കാരും എന്നെ എന്റെ പശ്ചാത്തലത്തിൽ കാണണമെന്നപേക്ഷിക്കുന്നു.

## ജോസ് പുളിയേരിയുടെ പ്രതികരണം

എന്റെ 'വിശ്വാസസംരക്ഷകൻ' ലേഖനത്തോട് പ്രതികരിച്ചിരിക്കുന്നത് ഇരുപക്ഷത്തേയും ഇന്റർനെറ്റ് മാധ്യമങ്ങളിൽ പ്രസിദ്ധനായ ശ്രീ. ജോസ് പുളിയേരിയാണ്. വ്യക്തിപരമായി അടുത്തു പരിചയമില്ലെങ്കിലും പലവിധത്തിലും ബന്ധമുള്ള ബഹുമാന്യനാണ് ശ്രീ. ജോസ് പുളിയേരിൽ അദ്ദേഹത്തിന്റെ പ്രതിഫലേച്ഛ ഇല്ലാത്ത ഈ രചനാ താൽപര്യവും രചനാബാഹുല്യവും പ്രശംസാർഹമാണ്. Socm ഫോറത്തിലും Shroro Internet Magazine ലും അതുപോലെ തന്നെ മറുപക്ഷത്തെ പ്രസിദ്ധീരണങ്ങളിലുള്ള അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും ശുശ്രൂഷയും ഞാനും ബഹുമാനിക്കുന്നു. നിർഭാഗ്യവശാൽ എനിക്ക് 'വിശ്വാസസംരക്ഷകൻ' ലേഖനത്തിനുള്ള പ്രതികരണം എഴുതേണ്ടി വന്നത് എന്റെ മാന്യസുഹൃത്ത് ശ്രീ. ജോസ് പുളിയേരിയോടും ആദരവുനിലനിർത്തി അവർ പറഞ്ഞിരിക്കുന്ന വാദഗതികളെ മാത്രം മുന്നിൽകണ്ട് എന്റെ പ്രതികരണം കുറിക്കട്ടെ. പ്രധാനമായും ഞാൻ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത് താഴെപറയുന്ന സംഗതികളിലായിരുന്നു.

1. വട്ടശേരിൽ തിരുമേനിയുടെ വിശദീകരണ നടപടികൾക്ക് നേതൃത്വം വഹിച്ച മാർ ഐറേനിയസ് ഈ ലേഖനത്തിൽ (പ്രഭാഷണം) പറയുന്ന കാര്യങ്ങൾ ഒന്നും തന്നെ മാനുഷിക പരിഗണനകളിൽ "വിശുദ്ധീകരണ പദവി"യുമായി ബന്ധപ്പെട്ടു കാണുവാൻ കഴിയുന്നില്ല. മാർ ഐറേനിയസ് ഈ ലേഖനത്തിലൂടെ പരിശ്രമിച്ചത് അന്ത്യോഖ്യാ പാത്രിയർക്കീസന്മാരെയും സുറിയാനി സഭയേയും പുലഭ്യം പറയുവാനാണ്. കക്ഷി വൈരാഗ്യം ഊതിവീർപ്പിച്ച് വികാരതീവ്രത സൃഷ്ടിക്കുന്നത് കക്ഷി രൂപീകരണത്തിന് നേതൃത്വം നൽകിയ വട്ടശേരിൽ തിരുമേനിയെ പരുമല തിരുമേനിയുടെ 'നേർശിഷ്യനാകുവാൻ' ആണ് പരിശ്രമിച്ചത്. കൂർമ്മബുദ്ധിയും തന്ത്രജ്ഞതയും ഭരണനിപുണതയായി പരിഗണിക്കാമെങ്കിലും അത് വിശുദ്ധിയുടെ ലക്ഷണമായി വാഴ്ത്തുന്നത് 'കുറുക്ക് വഴി' തന്നെ. എനിക്ക് സംശയമില്ല.

2. മലങ്കര സഭ പോർട്ടുഗീസുകാരുടെ വരവിന് മുൻപ് ബന്ധപ്പെട്ടിരുന്നത് പേർഷ്യയിലെ 'നെസ്തോറിയ' സഭയുമായിട്ടായിരുന്നു എന്നു പറയുന്ന മെത്രാച്ചൻ മലങ്കര സഭ നെസ്തോറിയമായിരുന്നു എന്നു സങ്കൽപിക്കുന്നു. പൂർവ്വിക മലങ്കരസഭ നെസ്തോറിയമായിരുന്നുവെങ്കിൽ ആധുനിക മലങ്കര സഭയ്ക്ക് നമ്മുടെ പൗരാണികതയിൽ അഭിമാനിക്കുവാൻ എന്താണുള്ളത്. നമ്മുടെ പൂർവ്വപിതാക്കന്മാർ വേദവിപരീതികൾ ആയിരുന്നു എന്നു പറയുന്നതാണോ നമ്മുടെ പൗരാണികതയുടെ ആധാരാം?

3. കിഴക്കിന്റെ ആരാധനാ സാഹിത്യം നമ്മുക്കു കിട്ടി എന്നു പറയുന്ന ഐറേനിയസ് മെത്രാച്ചൻ സുറിയാനി ആരാധനാ പൈതൃകം എന്നത് 'ആരുടേയും കുത്തകയൊന്നുമല്ലന്ന്' പറയുന്നു. എന്നാൽ സുറിയാനി ആരാധനാ പൈതൃകം എന്നത് സുറിയാനി ഭാഷയിയും ആരാധനയിലും നെസ്തോറിയവും സത്യവിശ്വാസപരവും ആയ രണ്ടു വ്യക്തമായ ധാരണകൾ ഉണ്ടായിരുന്നു എന്നതും ആരാധനാധാര എന്നത് വിശ്വാസാധിഷ്ഠിതമാണ് എന്നുമാണ് ഞാൻ വ്യക്തമാക്കിയത്.

4. വട്ടശേരിൽ തിരുമേനി മാത്രമാണ് തോമാശ്ലീഹാ കഴിഞ്ഞാലുള്ള രക്തസാക്ഷി എന്നാണ് ഐറേനിയസ് മെത്രാച്ചൻ പറയുന്നത് ഇത് ശരിയല്ലെന്നും മലങ്കരസഭയുടെ വിശ്വാസസംരക്ഷണത്തിനുവേണ്ടി യഥാർത്ഥത്തിൽ രക്തസാക്ഷികളായവരെ അവഗണിച്ച് അക്ഷരാർത്ഥത്തിൽ തന്നെ രക്തസാക്ഷിയല്ലാത്ത വട്ടശേരിൽ മെത്രാച്ചനെ മറിച്ച് കാണിക്കുന്നത് വികാരവേലിയേറ്റമാണെന്നാണ് ഞാൻ പറഞ്ഞുവച്ചത്.

5. മലങ്കരസഭയ്ക്ക് ആകമാനം കടപ്പാടുള്ള ഒരു പാത്രിയർക്കീസിനെ 'രാജ്ഞിയോട് തെണ്ടിയ ആളെന്ന്' വിശേഷിപ്പിച്ച് സ്വന്തം സ്ഥാന മഹിമ കളഞ്ഞു കുളിച്ച മാർ ഐറേനിയസിന്റെ പ്രസ്താവ്യം അപലപനീയവും അത് പ്രസിദ്ധീകരിച്ച പത്രത്തിനുപോലും മാനഹാനിക്കുമാത്രം ഉതകന്നതുമാണെന്നും ഞാൻ എഴുതിയിരുന്നു.

6. വട്ടശേരിൽ തിരുമേനി നേടിയെടുത്തു എന്നുപറയുന്ന 'സഭാസ്വാതന്ത്ര്യം' യാഥാർത്ഥ്യത്തിൽ കൂട്ടു ട്രസ്റ്റികളെയും പാത്രിയർക്കീസിനെയും സഹമെത്രാപ്പോലീത്താമാരെയും എല്ലാം അവഗണിച്ച് മുളന്തുരുത്തി സുന്നഹദോസ് അവസാനിപ്പിച്ച മെത്രാന്മാരുടെ ഏകനായകത്വം വീണ്ടെടുത്ത് ലൗകീകാധികാരം 'എല്ലാം മലങ്കര മെത്രാനി'ൽ ഏകീഭവിപ്പിക്കുവാനുള്ള ഏകാധിപത്യ പ്രവണതയെ വെള്ള പൂശാനുള്ള ജനാധിപത്യ പ്രിയംകരമായ സുന്ദരപദം മാത്രമാണ്.



7. വട്ടശേരിൽ തിരുമേനിയാണ് ഭരണഘടനയുടെ ശിൽപി എന്ന് മാർ ഐറേനിയസ് പറയുന്നത് ശരിയല്ലെന്നും അദ്ദേഹത്തിന്റെ കാലശേഷം മാത്രമാണ് ഈ ഭരണഘടനാ നക്കൽ പോലും പൊതുവേദിയിൽ കാണപ്പെട്ടത് എന്നും ഞാൻ വ്യക്തമാക്കിയിരുന്നു.

8. അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരയിൽ കാര്യമൊന്നും ഇല്ലെന്നും 'ക്ഷണിച്ചാൽ വന്ന് നിന്നിട്ടു പോകാം' എന്നും മറ്റും മാർ ഐറേനിയസ് പറഞ്ഞപ്പോൾ 1964 ലെ കാതോലിക്കാ വാഴ്ചയും വാഴ്ചാ സുന്നഹദോസിന്റെ അധ്യക്ഷന്റെ പദവിയും വിശുദ്ധ കുർബ്ബാനയിൽ 'ദൈവത്താൽ നിലനിർത്തപ്പെട്ടുപോരുന്ന പാത്രിയർക്കീസ്' എന്ന് പേരു പറഞ്ഞ് പ്രാർത്ഥിക്കുന്നത് ആരാധനയിൽ അല്ലാത്തപ്പോൾ ആക്ഷേപിക്കുവാനുള്ള സ്ഥാനിയാണോ എന്നുമാണ് ഞാൻ ചോദിക്കുവാൻ പരിശ്രമിച്ചത്.

9. അന്ത്യോഖ്യാ പാത്രിയർക്കീസിന് കിഴക്കൊക്കെയും അധികാരം ഇല്ലെന്നു പറയുന്ന മെത്രാച്ചൻ അദ്ദേഹത്തിന്റെ കീഴിലുള്ള കാതോലിക്കേറ്റ്/മപ്രിയാനേറ്റിന്റെ മേൽ പേർഷ്യയിൽ അധികാരം ഉണ്ടെന്ന് സമ്മതിക്കുന്നത് ശുഭോദർക്കമായി ഞാൻ ചൂണ്ടികാണിച്ചിരുന്നു.

10. മലങ്കര സഭയുടെ സ്വാതന്ത്ര്യവും പദവികളും ഒക്കെ നിർവചിക്കുവാൻ സഭയുടെ ആരാധനാ ക്രമവും കാനോനും ഒക്കെ അളവുകോലായിരിക്കണം. കാതോലിക്കോസ് സർവ്വാധികാരമുള്ള പരമാധ്യക്ഷനാണ് എന്ന് പറയുമ്പോൾ നാഴികയ്ക്ക് നാൽപതുവട്ടം ആവർത്തിക്കുന്ന 1995-ലെ 'അനുകൂലമായ' സുപ്രിംകോടതി പറയുന്ന Patriarch is spiritually Superior to the Catholicose എന്ന നിഗമനം വിസ്മരിച്ച് 'കീഴ്സ്ഥാനിയുമല്ല, മേൽസ്ഥാനിയുമല്ല' എന്നൊക്കെ പ്രസ്ഥാവിക്കുന്നത് വിവേക ശ്യൂന്യമായ വികാരവിക്ഷോഭം മാത്രമാണെന്നാണ് എന്റെ പക്ഷം.

11. പരിശുദ്ധിയുടെ സാക്ഷ്യപത്രമായോ എതിർവാദങ്ങൾക്കുള്ള മുൾമുനയായോ മാർ ഐറേനിയസ് അവതരിപ്പിച്ച വട്ടശേരിൽ തിരുമേനിയുടെ മാഹാത്മ്യങ്ങൾ-ഞാൻ ആവർത്തിക്കുന്നില്ല; സത്യത്തെ യുക്തികൊണ്ട് മറച്ചതുമുതൽ കോനാട്ടു മൽപാനെ തല്ലിയതു വരെയുള്ള കാര്യങ്ങൾ - ഒന്നും തന്നെ പരുമല തിരുമേനി പോലുള്ളവരുടെ പദവിയിൽ അദ്ദേഹത്തെ പ്രതിഷ്ഠിക്കുന്നതിന് തടസ്സമായി ഞാൻ കാണുന്നു എന്നും പറഞ്ഞിരുന്നു.

12. കേസിലെ വിജയത്തിന് ബുദ്ധി മാത്രം പോരാ എന്ന് മെത്രാച്ചൻ പറഞ്ഞു. ഞാനും പറഞ്ഞത് ജഡ്ജിയുടെ തിണ്ണയിൽ കയറി പരിചയപ്പെട്ടതുമുതൽ ജഡ്ജിയുടെ മരുമകൻ കേസിലെ വക്കീലല്ലെങ്കിൽ പോലും ജഡ്ജിമാരെ കാണുന്നതും മനോരമയിൽ പോലും പേരുവരുന്നതും ഒക്കെ സ്വാധീനഘടകമാണെന്നാണ്. അതുകൊണ്ട് കേസിന്റെ വിജയം വരുമ്പോൾ 'സത്യം ഉയിർത്തെഴുന്നേറ്റു' എന്നൊക്കെ പറയാതിരിക്കുവാനെങ്കിലും നമുക്ക് കഴിയണം.

'Antioch and Cantubary' എന്ന പുസ്തകത്തെക്കുറിച്ചാണ് ഐറേനിയസ് മെത്രാച്ചൻ പറയുന്നതെങ്കിൽ പത്രോസ് പാത്രിയർക്കീസ് ബാവായെ പുലഭ്യം പറയുവാൻ ആ പുസ്തകം ഉപയുക്തമല്ല എന്നാണ് ഞാൻ പറഞ്ഞത്. പത്രോസ് ബാവായുടെ മലങ്കരസഭയ്ക്കുള്ള സംഭാവനകൾ വിസ്മരിക്കുന്നതും അദ്ദേഹത്തെ അനാദരിക്കുന്നതും മലങ്കരസഭയുടെ അസ്തിത്വത്തോടുള്ള വെല്ലുവിളിയാണെന്ന് ഞാൻ വിശ്വസിക്കുന്നു.

## അൽപം വിശദീകരണം

മാർ ഐറേനിയസ് മെത്രാച്ചൻ വട്ടശേരിൽ തിരുമേനിയെ പുകഴ്ത്തുന്നതിന് പകരം മേൽ പ്രസ്താവിച്ചിരിക്കുന്ന പ്രകാരം പാത്രിയർക്കീസന്മാരെ ഇകഴ്ത്തുവാൻ അദ്ദേഹത്തിന്റെ പ്രഭാഷണസമയം ചെലവഴിച്ചതിനാലാണ് എന്റെ ദു:ഖവും പ്രതികരണവും. കൂട്ടത്തിൽ കക്ഷിവഴക്കിൽ തളക്കപ്പെട്ട് സ്വന്തം വിശുദ്ധിയുടെ മാറ്റ് കുറഞ്ഞുപോവുകയും സത്യത്തിനുപകരം യുക്തിയും സ്നേഹത്തിന് പകരം ശിക്ഷയും സ്വീകരിക്കേണ്ടി വന്നതുമൂലം സഹപ്രവർത്തകരുടെയും സഭാംഗങ്ങളിലെ വലിയൊരു വിഭാഗത്തിന്റെയും ആദരവു നഷ്ടപ്പെടുത്തുകയും ചെയ്യേണ്ടിവന്ന വട്ടശേരിൽതിരുമേനിയുടെ ജീവിതത്തിന്റെ നല്ല വശങ്ങളെ ഇപ്പോഴും ഞാൻ ആദരിക്കുന്നു. എന്നാൽ ശ്രീ. ജോസ് പുളിയേരിൽ തന്റെ കുറിപ്പിൽ ഞാൻ എഴുതിയ നല്ല വശങ്ങളെക്കുറിച്ച് പൊതുവിൽ പറയുകയും ഞാൻ ഉദ്ധരിച്ചുചേർത്തവയെല്ലാം നിരത്തിനിറച്ച് ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു. മാത്രവുമല്ല, ഞാൻ മേൽ വിശദീകരിച്ചിരിക്കുന്നതുപോലെ ഞാൻ ഉന്നയിച്ചിരിക്കുന്ന പ്രധാന വാദങ്ങളെയെല്ലാം അവഗണിച്ച് മറ്റുപലതും പറയുവാനാണ് അദ്ദേഹം പരിശ്രമിക്കുന്നത്. ഞാൻ വീണ്ടും അവർത്തിക്കട്ടെ, ശ്രീ. ജോസ് പുളിയേരിൽ ഞാൻ മുകളിൽ അക്കമിട്ടു പറഞ്ഞിരിക്കുന്ന സംഗതികളെക്കുറിച്ച് അദ്ദേഹത്തിന്റെ പ്രതികരണം ആയിരുന്നു എഴുതേണ്ടിയിരുന്നത്. മാർ ഐറേനിയസിനുവേണ്ടിയോ 'ഓർത്തഡോക്സ് ഹെറാൾഡിനു'വേണ്ടിയോ ആണ് അദ്ദേഹം ഇതെഴുതിയിരിക്കുന്നതെങ്കിൽ എനിക്ക് ഒരു പ്രശ്നം കൂടിയുണ്ട്.

## അൽപം സാങ്കേതികത്വം

മാർ ഐറേനിയസ് തന്റെ ലേഖനം എഴുതിയത് ഹെറാൾഡിന്റെ അച്ചടിപതിപ്പുമാത്രം ഉള്ള ഞായറാഴ്ച ലക്കത്തിലാണ്. ഞാനുൾപ്പടെ പലരും ഇത് വായിക്കാറില്ല. ഒരു വായനക്കാരൻ എനിക്കയച്ചുതന്ന കോപ്പിവച്ച് അദ്ദേഹത്തിന്റെ ആവശ്യപ്രകാരമാണ് ഞാൻ വിശ്വസസംരക്ഷകനിൽ ലേഖനം എഴുതിയത്. ലേഖനം പൂർണമായിട്ടല്ലെങ്കിലും മാർ ഐറേനിയസിന്റെ പ്രധാനവാദങ്ങൾ അദ്ദേഹത്തിന്റെ വാക്കുകളിൽ ഞാൻ ഉദ്ധരിച്ചിരുന്നു. ഇന്റർനെറ്റിൽ ലഭ്യമായിരുന്നുവെങ്കിൽ പ്രസ്തുത ലക്കത്തിലേയ്ക്ക് ലിങ്ക് ചെയ്യുവാനും ഞാൻ സന്നദ്ധനായിരുന്നു. പക്ഷേ അത് സാധ്യമല്ലാത്തതുകൊണ്ട് എന്റെ വായനക്കാരിൽ ഭൂരിപക്ഷവും പ്രസ്തുത ലേഖനം വായിച്ചിട്ടില്ല. അപ്രകാരംതന്നെ ശ്രീ. പുളിയേരിലിന്റെ ലേഖന പരമ്പര വന്നതും വരിസംഖ്യ നിർബന്ധമാക്കിയിട്ടുള്ള ഒരു ഇന്റർനെറ്റ് പ്രസിദ്ധീകരണത്തിലാണ്. ഞാനുൾപ്പടെ പല വായനക്കാർക്കും ഇത് ലഭ്യവുമല്ല. എന്റെ ലേഖനത്തിനുള്ള പ്രതികരണം വന്നതുകൊണ്ടുമാത്രം എന്റെ സുഹൃത്തുവഴിയാണ് ഞാൻ ഈ പ്രതികരണങ്ങൾ വായിച്ചത്. അതുകൊണ്ട് വായനക്കാർ രണ്ട് പക്ഷത്തും ഏകപക്ഷീയ വാദമുഖങ്ങൾ ആയിരിക്കും പ്രധാനമായും ലഭ്യമാവുക. ഏതായാലും 'വിശ്വാസസംരക്ഷകൻ' ആർക്കും ലഭ്യമാണ്. ശ്രീമാൻ പുളിയേരിൽ തന്റെ ലേഖനത്തിന്റെ ലിങ്ക് ലഭ്യമാക്കിയാൽ വായനക്കാർക്ക് എത്തിച്ചുകൊടുക്കുവാൻ ഞങ്ങൾ സന്നദ്ധരാണ്. എന്റെ ലേഖനത്തിലേയ്ക്കും ലിങ്കു ചെയ്യുവാൻ സാദരം ക്ഷണിക്കുന്നു.

## ശ്രീമാൻ ജോസ് പുളിയേരിലിന്റെ വാദമുഖങ്ങൾ

എന്റെ ബഹുമാന്യമിത്രം ശ്രീമാൻ ജോസ് പുളിയേരിൽ എനിക്ക് നൽകിയിരിക്കുന്ന സ്നേഹാദരവുകൾക്ക് പ്രത്യേകം നന്ദി പറയുന്നു. മറിച്ചും ആദരവുകൾ നിലനിർത്തികൊണ്ടുതന്നെ എനിക്ക് പറയാനുള്ളത് അവതരിപ്പിക്കട്ടെ.

ശേഷം നാലാം പേജിൽ

# മാർ ഐറേനിയോസും എന്റെ വിയോജിപ്പുകളും മൂന്നാം പേജിൽനിന്ന് തുടർച്ച

## 1. ദൈവം വേർതിരിച്ചു, ജനം തിരിച്ചറിഞ്ഞു.

വട്ടശേരിൽ തിരുമേനിയുടെ വിശുദ്ധ പ്രഖ്യാപനം ദൈവത്തിന്റെ വിളിയെ ജനം തിരിച്ചറിഞ്ഞതായി പറയുന്നു. സഭാപ്രമാണങ്ങളും പിതാക്കന്മാരുടെ പഠിപ്പിക്കലുകളും അനുസരിച്ച് സഭ വിശുദ്ധനായി പ്രഖ്യാപിച്ചു എന്നാണദ്ദേഹം പറയുന്നത്. ദൈവമാണ് അദ്ദേഹത്തെ തിരിച്ചറിഞ്ഞതെന്നും പരിശുദ്ധ ഗണത്തിൽ ചേർത്തതെന്നും കൂടി അദ്ദേഹം പറയുന്നു. എനിക്ക് യാതൊരു തർക്കവുമില്ലാതെ ഈ പ്രസ്താവന അംഗീകരിക്കാമായിരുന്നു ഇത് പരുമല തിരുമേനിയെക്കുറിച്ചോ, വേണ്ട, പാമ്പാടി തിരുമേനിയെക്കുറിച്ചോ ആയിരുന്നുവെങ്കിൽ! കക്ഷി വൈരാഗ്യം കൊണ്ടല്ലല്ലോ പാമ്പാടി തിരുമേനിയേയും വാകത്താനത്തു ബാവായേയും ഒക്കെ ആ പ്രദേശത്തുള്ള ഇരു വിഭാഗങ്ങളിലുള്ളവരും ആദരപൂർവ്വം കാണുന്നത്. വട്ടശേരിൽ തിരുമേനിയുടെ വ്യത്യസ്തത ഞാൻ ഇനിയും ആവർത്തിക്കുന്നില്ല. ഐറേനിയസ് തിരുമേനിയുടെ ലേഖനത്തിൽ അദ്ദേഹം തന്നെ ആ വ്യക്തിത്വ വിശേഷണത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നുണ്ട്. എന്റെ മുൻലേഖനം "പരിശുദ്ധിയുടെ സാക്ഷ്യങ്ങൾ" എന്ന ഭാഗം വീണ്ടും നോക്കുക. എനിക്കൊരു സംശയവും കൂടി അവശേഷിക്കുന്നു. ശ്രീ. പുളിയേരിൽ പറയുന്നത് 'വട്ടശേരിൽ തിരുമേനിയെ വിശുദ്ധനാക്കിയത് ദൈവവിളിയാണെന്നും, ദൈവം ആണ് തിരിച്ചറിഞ്ഞത് എന്നും' ഒക്കെ എന്റെ മാന്യസുഹൃത്ത് ഉറപ്പിച്ചുതന്നെ പറയുന്നു. പക്ഷെ! ഇത് സമൂഹത്തിന് എങ്ങനെ വെളിപ്പെട്ടു എന്ന് അദ്ദേഹം വ്യക്തമാക്കുന്നില്ലാത്തതുകൊണ്ട് അനുമാനങ്ങൾക്ക് ഞാൻ തയ്യാറല്ല. ജനം തിരിച്ചറിഞ്ഞു എന്ന് അദ്ദേഹം അവകാശവാദം ഉന്നയിക്കുമ്പോൾ എനിക്ക് പറയുവാനുള്ളത് ഇത് ബോധ്യപ്പെടുത്തുവാൻ 'ജനം' മുന്നോട്ട് വരുന്നില്ല എന്നതു മാത്രമാണ്. വിശുദ്ധ പ്രഖ്യാപനം നടക്കുമ്പോൾ ഞാൻ കോട്ടയത്തുണ്ട്! മൂവായിരം പേര് കഷ്ടിച്ച് പങ്കെടുത്ത ഒരു ജനസാക്ഷ്യമാണവിടെ കണ്ടത്. ആണ്ടുതോറും നടക്കുന്ന ഓർമ്മദിവസങ്ങൾ മറ്റൊരു 'ജനസാക്ഷ്യ'മാണ്. ഈ വിശുദ്ധീകരണ നടപടി ശരിയായിരുന്നില്ല എന്നു വിശ്വസിച്ചിരുന്ന അനേകം ഓർത്തഡോക്സുകാരെ എനിക്ക് നേരിട്ടറിയാം. അതിനെതിരെയായി അവസാനനിമിഷം വരെയും രഹസ്യമായും ഒട്ടൊക്കെ പരസ്യമായും ശബ്ദം ഉയർത്തിയവരെയും എനിക്കറിയാം. അച്ചടക്കമുള്ള സഭാംഗങ്ങളായ അവർ പിന്നീട് നിശബ്ദരായി എന്നതാണ് സത്യം. ഈ ജനസാക്ഷ്യങ്ങൾ മറച്ചുവച്ച് ഇതാണ് 'ദൈവവെളിപ്പെടുത്തൽ' എന്ന് പറയുന്ന ശ്രീമാൻ ജോസ് പുളിയേരിലിന്റെ സഭാപരമായ അച്ചടക്കത്തെ ഞാൻ മാനിക്കുന്നു. മാർ ഐറേനിയസ് തന്നെ ചൂണ്ടിക്കാണിച്ചിരിക്കുന്ന വിശുദ്ധിക്ക് വിരുദ്ധമായ നടപടികൾ ചോദ്യചിഹ്നമായി അവശേഷിക്കുന്നു. "ദൈവവെളിപ്പെടത്തൽ" എനിക്ക് ലഭിച്ചിട്ടില്ലാത്തതുകൊണ്ട് ദൈവം വിധിക്കട്ടെ! ഞാൻ വീണ്ടും ആവർത്തിക്കട്ടെ, "എന്റെ ഈ നിഗമനങ്ങൾ തികച്ചും മാനുഷികവും വ്യക്തിപരവും ആണെന്നും ദൈവീകനീതിയുടെ പരിശോധനയിൽ എന്റെ നിഗമനങ്ങൾ അർത്ഥ ശ്യൂന്യങ്ങളായിരിക്കുമെന്നും ഉള്ള എന്റെ ബോധ്യവും" ആവർത്തിക്കുന്നു. "ദൈവവെളിപ്പെടത്തൽ" മാർ ഐറേനിയസിനോ ശ്രീ പുളിയേരിലിനോ ലഭിച്ചിട്ടുണ്ടെങ്കിൽ അതിനെ ചോദ്യം ചെയ്യാൻ മറ്റുള്ളവർക്കെന്തുകാര്യം?

## 2. മുടക്കിന്റെ വിശദാംശങ്ങൾ

വട്ടശേരിൽ തിരുമേനിയെ മുടക്കി എന്നു ഞാൻ എഴുതിയിരുന്നു. വിശദാംശങ്ങൾ ഞാൻ എഴുതിയില്ല എന്നു പരിഭവം പറയുന്ന ജോസ് പുളിയേരിൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല എന്നു പറയുന്നു. എന്നാൽ പാത്രിയർക്കീസിന്റെ അധീശത്വം സമ്മതിക്കാത്തതും മലങ്കര സഭയ്ക്കുണ്ടായിരുന്ന സ്വാതന്ത്ര്യം തുടരണം എന്നുമുള്ള അദ്ദേഹത്തിന്റെ താൽപര്യത്തിന്റെ പേരിലാണ് പാത്രിയർക്കീസ് അദ്ദേഹത്തെ മുടക്കിയതെന്നു പറയുന്നു. മുടക്ക് അംഗീകരിച്ച് കൂദാശകൾ അനുഷ്ടിക്കാതെ സ്വസ്ഥനായിരുന്നു എന്നും ലേഖകൻ പറയുന്നു. സഹമെത്രാന്മാരെയും കൂട്ടുസ്നേഹികളെയും പാത്രിയർക്കീസിനെയും ഒക്കെ 'ധിക്കരിച്ചത്' ധിക്കാരവും ഗർവ്വവുമല്ല, കോനാട്ടു മൽപാനെ തല്ലിയതുവരെ സത്യം സത്യമായിട്ടും 'സഭാ സ്വാതന്ത്ര്യ'ത്തിനായിരുന്നു എന്നാണ് നമ്മുടെ ജോസച്ചായന്റെ ഭാഷ്യം! 'തവളയെ വിഴുങ്ങുമ്പോൾ എന്തിന് കൊച്ചുതവളയെ വിഴുങ്ങണം' എന്ന നൈജീരിയൻ പഴമൊഴിയാണ് എനിക്കോർമ്മ വരുന്നത്. മലങ്കരസഭയ്ക്കുണ്ടായിരുന്ന സ്വാതന്ത്ര്യം എന്തായിരുന്നു എന്നു നോക്കാം. പുലിക്കോട്ടിൽ ഒന്നാമൻ വരെ തായ്‌വഴി പ്രകാരം പകലോമറ്റം തറവാട്ടിൽനിന്നും യാതൊരു വ്യവസ്ഥയും കൂടാതെ വാഴിക്കപ്പെടുക, നിയമാനുസൃതമല്ലാതെ വാഴിക്കപ്പെട്ട തൊഴിയൂർ മെത്രാന്മാരിൽനിന്നും പ്രജ്ഞയറ്റ് ശയ്യാവലംബികളായവരുടെ കൈവച്ചും സ്ഥാനം സ്വീകരിക്കുക, ഇവയെക്കുറിച്ചൊക്കെ തെക്കും വടക്കും തിരിഞ്ഞ് വഴക്കുണ്ടാക്കുക, ശീമയിൽനിന്നും മെത്രാൻമാർ വരുമ്പോൾ സ്ഥാനസാധ്യത പ്രാപിക്കുക എന്നിങ്ങനെ പോയി ചേരിതിരിഞ്ഞ് പാലക്കുന്നത്ത് ശെമ്മാശനും പുലിക്കോട്ടിൽ റമ്പാച്ചനും കത്തുകളുമായി പാത്രിയർക്കീസിനെ സമീപിച്ച് മെത്രാൻ സ്ഥാനം സ്വീകരിച്ചു വരിക എന്നിവയൊക്കെ ആയിരുന്നില്ലേ നമ്മുടെ 'സ്വതന്ത്രസഭ'യുടെ രീതി. ഇതിനൊക്കെ അറുതി വരുത്തിയത് പത്രോസ് പാത്രിയർക്കീസ് ബാവായും മുളന്തുരുത്തി സുന്നഹദോസും ഒക്കെ ആയിരുന്നു. പാത്രിയർക്കീസും മലങ്കര മെത്രാനും ഇടവക മെത്രാന്മാരും അസോസിയേഷനും കമ്മറ്റിയും തെരഞ്ഞെടുപ്പും ഒക്കെ ഉണ്ടായ വ്യവസ്ഥിതിയിൽ കൂടെയുള്ള മറ്റെല്ലാവരെയും അതിലുപരി പാത്രിയർക്കീസിനെയും ഒഴിവാക്കുന്നതാണോ മലങ്കരസഭയിലെ സ്വാതന്ത്ര്യം? വാഴ്ച ഏറ്റതിനുശേഷം സഭയെ വഞ്ചിച്ച പാലക്കുന്നത്ത് മെത്രാച്ചന്റെ ശൈലിയിൽ പിന്നീടുവരുന്ന മെത്രാന്മാരും സഭയെ വിട്ടുപോകാതിരിക്കുവാനുള്ള മുൻകരുതലായി 'ഉടമ്പടി' എഴുതി രജിസ്റ്റർ ചെയ്തു നൽകുന്ന രീതി മലങ്കരയിൽ നടപ്പാക്കിയത് മലങ്കരസഭയുടെ സുരക്ഷിതത്വത്തിനായിരുന്നു എന്ന സത്യം വിസ്മരിക്കുന്നതെന്തിന്? പരുമല തിരുമേനി മുതൽ പൗലോസ് മോർ കൂറിലോസ് വരെയുള്ള മെത്രാൻമാർ ഈ വിധേയത്വ ഉടമ്പടി എഴുതിയത് സഭാ സംരക്ഷണത്തിനായിട്ടല്ലാതെ മറിച്ചാണെന്ന് പറയുകയോ പറയിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ? ഇവരിൽ ആരെയെങ്കിലും ഈ വിധേയത്വ ഉടമ്പടി ഉപയോഗിച്ച് 'അടിമ' ആക്കിയതായി കേട്ടിട്ടുണ്ടോ? നമ്മുടെ പള്ളികൾ പോലും പാത്രിയർക്കീസിന് വിധേയത്വം എഴുതി ഉടമ്പടി ഉണ്ടാക്കിയത് സ്വയസംരക്ഷണത്തിനായിരുന്നു എന്നതല്ലേ സത്യം? വട്ടശേരിൽ തിരുമേനിയുടെ ഏകനായകത്വവും അധീശത്വവും ഉറപ്പിക്കുവാൻ വേണ്ടി അന്നത്തെ സൂത്രശാലികളായ നേതാക്കന്മാർ സൃഷ്ടിച്ചുവച്ച ഗീബൽസിയൻ തന്ത്രങ്ങൾ മാത്രമാണ് വട്ടശേരിൽ തിരുമേനിയുടെ 'സ്വാതന്ത്ര്യസങ്കൽപവും' പാത്രിയർക്കീസിന്റെ 'അധീശത്വ' ഭാവവും ഒക്കെ മെത്രാൻകക്ഷിക്കാർ തലമുറകളായി 'വെട്ടിവിഴുങ്ങുന്ന' മിഥ്യകൾ മാത്രമാണിവ. വട്ടശേരിൽ തിരുമേനി പോലും ഈ മിഥ്യകളെ ഒരു പരിധിക്കപ്പുറത്ത് ആശ്രയിച്ചിരുന്നില്ല എന്നതിന്റെ തെളിവാണ് അദ്ദേഹത്തിന്റെ 'മതോപദേശസാരങ്ങൾ' എന്ന കൃതി. നമ്മുടെ ജോസച്ചായൻ സാക്ഷിക്കുന്നതുപോലെ മുടക്കിനു ശേഷം കുറെ വർഷങ്ങൾ 'സ്വസ്ഥ'നായിരിക്കുന്നതും മറ്റൊരു തെളിവാണ്. എന്നാൽ അബ്ദുൾമ്ശിഹാ പാത്രിയർക്കീസിനെ കൊണ്ടുവന്നപ്പോൾ നിരണം വാഴ്ചയിൽ പങ്കുകൊള്ളാതിരുന്നതും 1925-ലെ രണ്ടാം കാതോലിക്കാ വാഴ്ചയിൽ പങ്കാളിയാകാതെയിരുന്നതും ഒക്കെ 'നിയമ'ത്തേയും 'കോടതിവിധി'യേയും ദൈവത്തേക്കാൾ ആശ്രയിച്ചതുമൂലമായിരുന്നു. തന്റെ തന്നെ സൃഷ്ടികൾ എന്ന് വിശേഷിപ്പിക്കാവുന്ന ഈ വിഘടന സ്ഥാനങ്ങളെ സ്വസാന്നിധ്യം കൊണ്ട് അനുഗ്രഹിക്കാതെ അസാന്നിധ്യം കൊണ്ട് സ്വന്തം സ്വാതന്ത്ര്യം സംരക്ഷിച്ച ബുദ്ധിശ്രേഷ്ഠനായിരുന്നു അദ്ദേഹം എന്നാണ് എന്റെ പഠനം വെളിപ്പെടുത്തുന്നത്.

## 3. മുടക്കുകൽപന തപാലിൽ

പഴയ സെമിനാരിയിൽ താമസിച്ചിരുന്ന പാത്രിയർക്കീസ് അവിടെത്തന്നെ താമസിച്ചിരുന്ന മെത്രാച്ചന് തപാലിൽ രജിസ്റ്റർ ചെയ്ത് കൽപന അയച്ചത് ഉദ്ദേശ ശുദ്ധിയില്ലാത്ത നടപടി ആണെന്ന് നമ്മുടെ ജോസച്ചായൻ പരിതപിക്കുന്നു. യേറുശലേമിലെ മർക്കോസിന്റെ മാളിക എന്ന അതിവിശുദ്ധ സ്ഥലത്ത് വിശുദ്ധ കുർബ്ബാന മദ്ധ്യേ പരിശുദ്ധാത്മാവിനെ സാക്ഷിയാക്കി സത്യം ചെയ്ത ഉടമ്പടി സത്യം ചെയ്ത് കോടതി തള്ളിപ്പറയുകയും സത്യത്തെ യുക്തികൊണ്ട് മൂടുകയും ചെയ്തതിനെ ന്യായീകരിക്കുന്നവർതന്നെ വേണം 'രജിസ്റ്റർ തപാലി'ന്റെ ഉദ്ദേശത്തെ ചോദ്യം ചെയ്യുവാൻ. സ്വഭാവിക നീതിയും നിയമാനുസൃത നടപടിയും 'സത്യത്തേക്കാൾ' വിലമതിക്കുന്ന പശ്ചാത്തലങ്ങളിൽ നടത്തിയ ഈ മുൻകരുതലിനെതിരെ വിരൽ ചൂണ്ടുന്നവർ തങ്ങൾക്കുനേരെ തിരിഞ്ഞിരിക്കുന്ന മൂന്നു വിരലും ഉന്നതങ്ങളിലേയ്ക്ക് ഉയർന്നിരിക്കുന്ന തള്ളവിരലും ശ്രദ്ധിക്കണമെന്നാണെന്റെ അപേക്ഷ.

## 4. മലങ്കര സഭയെ വിഴുങ്ങിയവർ

മലങ്കര സഭയെ വിഴുങ്ങിയവരുടെ ലിസ്റ്റിൽ കത്തോലിക്കർ മുതൽ സിറിയാക്കാർ വരെ ഒരേ പക്ഷക്കാരായിരുന്നു എന്ന് മാർ ഐറേനിയസിനൊപ്പം നമ്മുടെ ജോസച്ചായനും ആവർത്തിച്ചുപറയുന്നു. മലങ്കരസഭയെ സുറിയാനിക്കാർ വിഴുങ്ങുകയായിരുന്നോ മലങ്കര സഭ സുറിയാനി പൈതൃകത്തെ വിഴുങ്ങുകയായിരുന്നോ എന്ന് ചിന്താശക്തിയുള്ളവർ ഒന്നാലോചിച്ചുനോക്കണം. രാഷ്ട്രീയ-സാമ്പത്തിക മേധാവിത്വവും ആകർഷകത്വവും വളരെയുണ്ടായിരുന്ന കത്തോലിക്കാ നേതൃത്വത്തെ ഉപേക്ഷിച്ച് സമ്പത്തും സൈന്യവും ഇല്ലാത്ത അന്ത്യോഖ്യൻ സഭാപ്രതിനിധി ആയിവന്ന അഹത്തുള്ളാ ബാവായെ അപായപ്പെടുത്തി എന്ന കേൾവിയിൽ കത്തോലിക്കാ അധീശത്വത്തെ തള്ളിപ്പറഞ്ഞ് സുറിയാനിപൈതൃകത്തെ സ്വീകരിക്കുകയും ആ വിശ്വാസവും പൈതൃകവും പാരമ്പര്യങ്ങളും ഭാഷയും വേഷവും എല്ലാം സ്വമനസ്സാലെ സ്വീകരിച്ച് ആദരിച്ച് പോന്നത് ആർ ആരയാണ് 'വിഴുങ്ങി'യതെന്ന് വ്യക്തമാക്കാമോ? പാത്രിയർക്കാ പ്രതിനിധികളെ കാത്തിരിക്കുകയും ആ ബന്ധം അനിവാര്യമാണെന്ന് സ്വയം പ്രഖ്യാപിക്കുകയും ചെയ്തുവന്ന മലങ്കരസഭയെ ആരുവിഴുങ്ങി എന്നാണിവർ പറയുന്നത്. ഭിന്നതയ്ക്ക് ശേഷവും ഭാഷയും വേഷവും ആരാധനാക്രമങ്ങളും എല്ലാം അണുവിട വ്യതിചലിക്കാതെ 'ആരുടേയും കുത്തകയല്ലെന്ന' ധാർഷ്ട്യ പ്രഖ്യാപനത്തോടെ തുടരുന്നതുമെല്ലാം ആർ, ആരെ, എന്തിനെ വിഴുങ്ങി എന്നു വ്യക്തമാക്കുന്നില്ലേ?

## 5. ഈ അബദ്ധം തിരുത്തുമോ?

ജോസച്ചായൻ വളരെ നിഷ്കളങ്കനാണെന്നു തോന്നുന്നു. അദ്ദേഹം പറയുന്നത് വേഷവും ഭഷയും ഒന്നാണെങ്കിൽ വിദേശത്തുനിന്ന് വരുന്നവരെല്ലാം മലങ്കരസഭാംഗങ്ങൾക്ക് ശീമമെത്രാന്മാരായിരുന്നു എന്നാണ്. എന്നുപറഞ്ഞാൽ ത്യാജ്യഗ്രാഹ്യബുദ്ധിയൊന്നുമില്ലാത്ത വിവേചനാ ശൂന്യരായി വിദേശത്തുനിന്നുവരുന്ന ഏതു മെത്രാനെയും സ്വീകരിക്കുന്നവരായി രുന്നു നമ്മുടെ പിതാക്കന്മാർ എന്ന്! ഇത് പാറേട്ട് തുടങ്ങി സ്വതന്ത്രസഭയുടെ ആസ്ഥാന ചരിത്രകാരന്മാർ പറഞ്ഞുവച്ചിരിക്കുന്ന ഒരു പിതൃനിന്ദയാണ്. സത്യം എന്താണെന്ന് തിരിഞ്ഞുനോക്കുക. നെസ്തോറിയ മെത്രാന്മാർ ഇവിടെ സന്നിഹിതരായിരിക്കുമ്പോൾ തന്നെ ഇന്ത്യാക്കാരൻ ജോസഫ് ലിസ്ബണിൽ പ്രസ്താവിക്കുന്നത് 'ഞങ്ങൾ അന്ത്യോഖ്യയിൽനിന്നുള്ളവരാണെന്നാണ്'. വാസ്കോഡിഗാമായോട് നമ്മുടെ പിതാക്കന്മാർ പറഞ്ഞതും അങ്ങനെയാണെന്ന് ഡോ. ബുക്കാനനും പറയുന്നുണ്ട്. ഭാഷയും നിറവും നോക്കി മെനസിസ് നിയമിച്ച ഫാ. റോസിനെ സ്വീകരിക്കുവാൻ നമ്മുടെ പിതാക്കന്മാർ തയ്യാറല്ലായിരുന്നു. നെസ്തോറിയൻ സുറിയാനി ആരാധനാക്രമം ഫാ. റോസ് ക്രമീകരിച്ചതും നമ്മുടെ പൂർവ്വികന്മാർ തിരസ്കരിക്കുവാൻ നോക്കിപ്പാർക്കുകയായിരുന്നു. 18-ാം നൂറ്റാണ്ടിലാണെന്നു തോന്നുന്നു കോട്ടയത്ത് കബറടങ്ങിയ ഒരു നെസ്തോറിയ മെത്രാന്റെ 'ചായ്‌വ്' മരണശേഷം ബോധ്യപ്പെട്ടപ്പോൾ കബർ പൊളിച്ച് കല്ലുകൊണ്ട് നടകെട്ടി 'പക' തീർത്തവരെക്കുറിച്ചാണ് ഈ ആക്ഷേപം പറയുന്നതെന്ന് മറക്കരുത്. നിറവും പേരും നോക്കി സ്വന്തം തലവനായ പാത്രിയർക്കീസിനെ ഇന്ത്യയിൽ കാലുകുത്തിക്കരുതെന്ന് ദൃഢപ്രതിജ്ഞ എടുത്ത് എല്ലാ മാർഗവും നോക്കുകയും അവസരത്തിലും അനവസരത്തിലും ഒളിഞ്ഞും തെളിഞ്ഞും കേസും കത്തും കുത്തും ഒക്കെ എഴുതുന്നവർ വിശ്വാസഐക്യം വളരെ വിദൂരത്തുമാത്രവും വിശുദ്ധ കുർബ്ബാനയിൽ പരസ്പരം സന്നിഹിതനാകുവാൻ പോലും സാധ്യമല്ലാത്ത റക്ഷ്യൻ ഗ്രീക്ക് പാത്രിയർക്കീസന്മാരെ എഴുന്നള്ളിക്കുന്നതാണ് പിതാക്കന്മാർ ക്ഷമിക്കാത്ത വിവേകശൂന്യത എന്ന് തിരിച്ചറിയണം. മെനസീസ് എല്ലാ ആരാധനാക്രമങ്ങളും നശിപ്പിച്ചതുകൊണ്ടാണ് അന്ത്യോഖ്യൻക്രമം സ്വീകരിച്ചതെന്നൊരു സൂചന പ്രിയപ്പെട്ട ജോസച്ചായൻ അവശേഷിപ്പിച്ചിട്ടുണ്ട്. ദയവായി അടുത്ത തലമുറ നിങ്ങളെ ആക്ഷേപിക്കാതിരിക്കുവാൻ വേണ്ടിയെങ്കിലും ഈ തെറ്റുതിരുത്തുവാൻ അപേക്ഷിക്കുന്നു. ഇപ്പോൾ നെസ്തോറിയ സുറിയാനി ആരാധനാക്രമങ്ങൾ ഒക്കെ ലഭ്യമാണ്. ദയവായി പൂർവ്വികർക്കു പറ്റിയ നിങ്ങൾ എങ്കിലും മടങ്ങിപോകണം. ഈ 'അന്ത്യോഖ്യൻ നുകം' വലിച്ചെറിഞ്ഞ് 'നെസ്തോറിയൻ പൗരാണികത'യെ പുൽകണം. അന്ത്യോഖ്യൻ 'വിഴുങ്ങൽ' അവസാനിപ്പിക്കുവാൻ ഇതിലും പറ്റിയ മാർഗങ്ങൾ മറ്റൊന്നും കിട്ടിയില്ലെന്നുവരാം. ഇല്ലം ചുട്ടായാലും നമുക്ക് എലിയെ കൊല്ലാം!

## 6. യാക്കോബായസഭ തെറ്റിന് പുറത്ത് തെറ്റിൽ

പത്രോസ് തൃതീയൻ ബാവ സ്ഥാപിച്ചുതന്ന സഭയിലെ ജനാധിപത്യ വ്യവസ്ഥയിൽനിന്നും യാക്കോബായ സഭ വ്യതിചലിച്ചു പ്രവർത്തിക്കുന്നു എന്നാണ് അദ്ദേഹത്തിന്റെ പരാതി. യാക്കോബായ സഭയിൽ ഇടവകകളുടെ സ്വാതന്ത്ര്യം, ഭദ്രാസനങ്ങളുടെ അവകാശങ്ങൾ, സഭാതലത്തിലുള്ള ഏകോപനം, സമിതികളിലെ ആലോചനകൾ എന്നീ കാര്യങ്ങളൊക്കെ മനസ്സിലാക്കിയിട്ടുള്ളവർക്ക് ജോസ് പുളിയേരിലിന്റെ ഈ പ്രസ്താവനയിൽ സഹതാപം മാത്രമേ തോന്നൂ. സഭാസമിതികളെ 'കൈകൊട്ടു'സമിതികൾ എന്ന് വിശേഷിപ്പിച്ചത് കാതോലിക്കാ പക്ഷക്കാരും അവരുടെ സമിതികളും ആണെന്ന് വിസ്മരിക്കരുത്. പരുമല സെമിനാരിയിലെ ഭണ്ഡാരവരവ് എത്രയാണെന്ന് അറിയുവാനുള്ള സ്വാതന്ത്ര്യം പോലുമില്ലാത്ത ഒരു സഭാ വർക്കിംഗ് കമ്മിറ്റിയും മാനേജിംഗ് കമ്മിറ്റിയും ഉള്ള സഭയാണ് യാക്കോബായ സഭയെക്കുറിച്ച് പരിതപിക്കുന്നത്. ഇടവകക്കാരെ ചവിട്ടിമെതിച്ച് പോലീസ് സംരക്ഷണത്തോടെ മണർകാട് തുടങ്ങിയ പള്ളിയിൽ 'ആരാധിക്കുവാൻ' തയ്യാറായവരാണ് യാക്കോബായ സഭയെ സ്വാതന്ത്ര്യം പഠിപ്പിക്കുന്നത്! വൈദ്യാ നിന്നെത്തന്നെ ചികിത്സിക്കുക!

## 7. പുലിക്കോട്ടിൽ തിരുമേനിയും പാത്രിയർക്കീസിന്റെ അപ്രീതിയും

വട്ടശേരിൽ തിരുമേനി പാത്രിയർക്കീസിന്റെ അപ്രീതിയ്ക്ക് ഇടയായതുപോലെ പുലിക്കോട്ടിൽ തിരുമേനിയും പത്രോസ് പാത്രിയർക്കീസ് ബാവായുടെ അപ്രീതിക്ക് പാത്രീഭൂതനായെന്നും അദ്ദേഹത്തെ വിഘടനവാദിയാക്കി എന്നും ശ്രീമാൻ പുളിയേരിൽ പറയുന്നു. പത്രോസ് ബാവായേക്കാൾ അബ്ദുള്ളാ ബാവ കർക്കശക്കാരനായിരുന്നതുകൊണ്ട് വട്ടശേരിൽ തിരുമേനി മലങ്കരസഭയിലെ പ്രതിവിരോധം നേടേണ്ടി വന്നയാളായിരുന്നു എന്നുമാണ് അദ്ദേഹം തുടർന്നുപറയുന്നത്. പുലിക്കോട്ടിൽ തിരുമേനിയെക്കുറിച്ചു പറയപ്പെട്ടവയെല്ലാം ഞാൻ വാദത്തിന് വേണ്ടി സമ്മതിക്കുകയാണ്. പക്ഷേ! ഇന്നു പിൻതിരിഞ്ഞുനോക്കുമ്പോൾ മലങ്കരസഭയെ ഐക്യത്തിലും പാത്രയർക്കാ ബന്ധത്തിലും നിലനിർത്തുവാനും പുലിക്കോട്ടിൽ തിരുമേനിക്ക് കഴിഞ്ഞു എന്നുള്ള യാഥാർത്ഥ്യം നാം മറക്കരുത്. ഉദാഹരണത്തിനുവേണ്ടി പറഞ്ഞാൽ ഓർത്തഡോക്സ് സഭയിലെ ദിദിമോസ് ബാവായുമായി ശക്തമായ അഭിപ്രായ വ്യത്യാസം ഉള്ള ഒരു മെത്രാച്ചനുണ്ടെന്ന് വിചാരിക്കുക. അദ്ദേഹത്തെ ഒതുക്കുവാനും ബലഹീനമാക്കുവാനും ശ്രമം ഉണ്ടായാൽ കാതോലിക്കാബാവായെ ധിക്കരിച്ച് സഭയെ ഭിന്നിപ്പിക്കുന്നതാണോ ഉചിതം. ത്യാഗപൂർവ്വം സഭയുടെ ഉന്നതിക്കുവേണ്ടി എല്ലാവരും ഒന്നിച്ചു പോകുവാൻ പരിശ്രമിക്കുകയാണോ വേണ്ടത്. പുലിക്കോട്ടിൽ തിരുമേനിയുമായുള്ള താരതമ്യം തന്നെയാണ് വട്ടശേരിൽ തിരുമേനിയെ 'വിഘടനവാദി'യും ഒരുനൂറ്റാണ്ട് പിന്നിട്ടിട്ടും അവസാനിക്കാത്ത സഭാ ഭിന്നതയുടെ ഉത്തരവാദിയായി കാണുവാനും ഇടയാക്കിയിരിക്കുന്നതെന്നസത്യം പ്രത്യേകാൽ ശ്രദ്ധേയമാണ്. വ്യക്തികളുടെ അപ്രീ

ശേഷം ഏഴാം പേജിൽ

# അത്മായവേദി - പുതുപ്പള്ളി സപ്ലിമന്റ് - സത്യവും മിഥ്യയും

അൻവർ തോമസ് പുതുപ്പള്ളി

കാതോലിക്കാ പക്ഷത്തെ അൽമായ സംഘടനയുടെ മുഖപത്രമായ അത്മായവേദിയുടെ ഒരു പ്രത്യേക പതിപ്പ് നവംബർ 10-ാം തീയതി അവരുടെ വെബ്സൈറ്റിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ദേവലോക സഭയിൽ വളർന്നുവരുന്ന അസ്വസ്ഥതകൾ പുറത്തറിയാതിരിക്കാൻ ഇത്തവണ പുതുപ്പള്ളിയിൽ യാക്കോബായക്കാർ നിർമ്മിക്കുന്ന ദേവാലയത്തിനും പുതുപ്പള്ളി പള്ളിയുടെ സെമിത്തേരിയുടെ സമീപം വാങ്ങിയ സ്ഥലത്ത് അനധികൃതമായി നിർമ്മിച്ച 'ഒറ്റക്കല്ലറകൾ' പൊളിക്കണമെന്നാവശ്യപ്പെട്ട പുതുപ്പള്ളി പഞ്ചായത്തിനും നേരെയാണ് അരോപണവർഷം ചൊരിഞ്ഞിരിക്കുന്നത്. അത്മായവേദിയുടെ മുൻലക്കങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും പുതുപ്പള്ളിയിലെ യാക്കോബായ പള്ളിക്കുമേൽ അസഭ്യവർഷം നടത്തിയിട്ടുണ്ട്. വിശ്വാസസംരക്ഷകൻ ജൂൺ, സെപ്റ്റംബർ ലക്കങ്ങളിൽ ഇതിനുള്ള മറുപടിയും പ്രസിദ്ധീകരിച്ചിരുന്നു. കാതോലിക്കാ കക്ഷിക്കാർ ഇപ്പോൾ ഇങ്ങനെ ഒരു ആരോപണം ഉന്നയിച്ചിരിക്കുന്നതിന് പിന്നിൽ ചില 'ഹിഡൻ അജണ്ട'കൾ ഉണ്ട്. അത് മനസ്സിലാക്കാൻ പുതുപ്പള്ളി പള്ളിയുടെ ചരിത്രം കൂടി അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

## 1. പുതുപ്പള്ളി പള്ളിചരിത്രം (1640 – 2006)

എ.ഡി. 1640-ൽ പുതുപ്പള്ളി അങ്ങാടിക്ക് സമീപമുള്ള കൊച്ചുപള്ളിക്കുന്നേൽ ഒരു കുരിശ്പള്ളി സ്ഥാപിച്ചു. കുരിശ് പള്ളിയുടെ സമീപം ഒരു ക്ഷേത്രമുള്ളതിനാൽ അവിടെ അന്യജാതിക്കാർ പള്ളി സ്ഥാപിച്ചത് ക്ഷേത്രത്തിലെ പ്രതിഷ്ഠയ്ക്ക് അനിഷ്ടമാണെന്ന് ദേവപ്രശ്നത്തിൽ തെളിഞ്ഞു. ഏതാനും മാസങ്ങൾക്കകം അങ്ങാടിക്ക് സമീപം ഇളംതുരുത്തി കുന്നിലേയ്ക്ക് പള്ളി മാറ്റി സ്ഥാപിച്ചു. മോർ ബഹനാൻ സഹദായുടെ നാമത്തിലാണ് പുതിയ പള്ളിയുടെ പ്രതിഷ്ഠ നടന്നത്. ഏകദേശം 130 വർഷമായപ്പോഴേയ്ക്കും ഇടവകാംഗങ്ങളുടെ എണ്ണം വർദ്ധിക്കുകയും പള്ളി കെട്ടിടം പൊളിച്ചു പണിയേണ്ട അവസ്ഥയാകുകയും ചെയ്തു. ബഹനാൻ സഹദായുടെ നാമത്തിലുള്ള പള്ളിയുടെ ത്രോണോസ് തെക്കുവശത്തെ ത്രോണോസാകത്തക്കവിധം ഒരു പുതിയ കെട്ടിടം പണിതീർത്തു. വലിയ മോർ ദിവന്നാസ്യോസ് കൂദാശ ചെയ്ത് ടി കെട്ടിടം ആരാധനാ യോഗ്യമാക്കിയതുകൂടാതെ പ്രധാന ത്രോണോസ് ഗീവറുഗീസ് സഹദായുടെ നാമത്തിലാക്കുകയും ചെയ്തു. കാലാന്തരത്തിൽ ഇടവക അഭിവൃദ്ധിപ്പെട്ട് മലങ്കരയിലെ പ്രശസ്തമായ ദേവാലയമായി മാറി. പാലക്കുന്നത്ത് മോർ അത്താനാസ്യോസ്, യുയാക്കീം മോർ കൂറിലോസ്, പരി. പത്രോസ് മൂന്നാമൻ ബാവ, പരി. അബ്ദുള്ള ബാവ തുടങ്ങിയവർ വിവിധ കാലഘട്ടങ്ങളിലായി പുതുപ്പള്ളിയിൽ താമസിച്ചിട്ടുണ്ട്.

വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്കിനുശേഷം മലങ്കര സഭയിലുണ്ടായ കക്ഷി മത്സരങ്ങൾ പുതുപ്പള്ളിയിലും ചലനങ്ങൾ ഉണ്ടാക്കിയെങ്കിലും പള്ളി ട്രസ്റ്റിയും, വികാരിയുമടങ്ങുന്ന ഭൂരിപക്ഷം പാത്രിയർക്കീസ് പക്ഷക്കാരായി തുടർന്നു. പാത്രിയർക്കീസ് പക്ഷത്ത് നിന്നോളാം എന്ന ഉറപ്പിന്മേൽ കയറിപ്പറ്റിയ പാറേട്ട് മാത്യൂസ് കത്തനാർ (പിന്നീട് മാർ ഈവാനിയോസ്) പള്ളി ട്രസ്റ്റിയായിരുന്ന കരവട്ട് കുഞ്ഞുവർക്കിച്ചനെതിരായി കേസ് ഫയൽ ചെയ്ത് പള്ളി റിസീവർ ഭരണത്തിലാക്കി. നിലവിലുണ്ടായിരുന്ന വികാരിയുടെ കാലശേഷം പാത്രിയർക്കീസ് പക്ഷത്തിന് വൈദീകരില്ലാത്ത അവസ്ഥയായി. സാധാരണക്കാരായ ഇടവകജനങ്ങൾ മറ്റുമാർഗ്ഗമില്ലാത്തതിനാലും പള്ളി ഉപേക്ഷിക്കാനുള്ള മടികൊണ്ടും മറ്റും പാറേട്ടച്ചനെ ആശ്രയിച്ച് കർമ്മങ്ങൾ നടത്തിവന്നു. ദീർഘനാളുകൾക്ക് ശേഷമാണ് പള്ളി ഇടവകാംഗമായ കടിയന്തുരത്തിലച്ചനെ പാത്രിയർക്കീസ് പക്ഷക്കാർക്കായി പട്ടം കൊടുത്ത് നിയമിച്ചത്. അച്ചൻ പള്ളിയിൽ പ്രവേശിക്കുന്നതിനെതിരായി കാതോലിക്കാ പക്ഷം കേസുകൾ കൊടുത്തു. 1957-ൽ കേരളാ ഹൈക്കോടതി പാത്രിയർക്കീസ് പക്ഷക്കാർക്ക് ആരാധന നടത്താൻ പുതുപ്പള്ളി പള്ളിയുടെ മുറ്റത്ത് തന്നെ സ്ഥിതി ചെയ്യുന്ന സെമിത്തേരി പള്ളി (ആദ്യകാലത്ത് ശവസംസ്കാരം നടത്തുന്നത് പള്ളിയകത്തായിരുന്നു. ഒരു തർക്കത്തെ തുടർന്ന് ആരാധന നടക്കുന്ന പള്ളി കെട്ടിടത്തിൽ നിന്നും ശവസംസ്കാരം നിർത്തലാക്കുകയും, ശവസംസ്കാരം തുടർന്ന് നടത്താൻ ഒരു പള്ളി സ്ഥാപിക്കുകയും ചെയ്തു. അതാണ് സെമിത്തേരിപള്ളി അഥവാ കൊച്ചുപള്ളി) പാത്രിയർക്കീസ് പക്ഷത്തിന് വിധിച്ചു കിട്ടുകയും 1967 വരെ അവിടെ ആരാധന തുടരുകയും ഉണ്ടായി. സഭാസമാധാനത്തെ തുടർന്ന് 1967-ൽ സഭാനേതൃത്വം കടിയന്തുരത്തിലച്ചനെ പുതുപ്പള്ളിയിലെ ഇടവക പട്ടക്കാരനായി അംഗീകരിച്ചു. തുടർന്ന് കൊച്ചുപള്ളി അടച്ച് എല്ലാവരും യോജിച്ച് പ്രവർത്തിക്കുവാൻ ആരംഭിച്ചു. നിർഭാഗ്യവശാൽ 1970 കളിൽ ഉണ്ടായ കക്ഷി മത്സരങ്ങൾ പുതുപ്പള്ളിയിൽ വീണ്ടും പ്രശ്നങ്ങൾക്ക് ഇടനൽകി. 1999 ൽ കടയന്തുരത്തിലച്ചൻ മരിച്ചു. അച്ചന്റെ മൃതദേഹം പുതുപ്പള്ളിയിൽ അടക്കാൻ പോലും കാതോലിക്കാപക്ഷത്തിന്റെ ചില പ്രവർത്തനം മൂലം സാധിച്ചില്ല. ഒരു പുതിയ വൈദീകനെ പാത്രിയർക്കീസ് പക്ഷക്കാർക്കുവേണ്ടി പ്രവേശിപ്പിക്കാൻ കോടതിയിൽ കേസ് നടത്തി എങ്കിലും ഫലമുണ്ടായില്ല. എറണാകുളം ജില്ലാ കോടതി നിലവിലുള്ള കേസിൽ കാതോലിക്കാ പക്ഷത്തിനനുകൂലമായി വിധി പ്രസ്താവിച്ചു. പള്ളി ഭരണം താത്കാലികമായി കാതോലിക്കാ വിഭാഗത്തിന് ലഭിച്ചു. എങ്കിലും ഹൈക്കോടതിയിൽ കേസ് നടക്കുകയാണ്. പാത്രിയർക്കീസ് വിഭാഗത്തിലെ ചിലർ ചേർന്ന് പുതുപ്പള്ളി പാലത്തിന് പടിഞ്ഞാറ് വശത്ത് സ്ഥലം വാങ്ങി ഒരു പുതിയ ആരാധനാലയം പടുത്തുയർത്തി വരുകയാണ്. ഇതിൽ അസൂയമൂത്ത കുറച്ച് കാതോലിക്കാ പക്ഷക്കാർ (പൊതുജനം എന്ന് അവർതന്നെ പറയുന്നു എങ്കിലും ഏതാനും കാതോലിക്കാപക്ഷ തീവ്രവാദികൾ എന്നതാണ് വാസ്തവം) കോട്ടയം കളക്ടർക്ക് പരാതി നൽകി. അത്മായവേദിക്കാർ മുൻപ് പറഞ്ഞിരുന്നത് പാത്രിയർക്കീസ് പക്ഷം പള്ളി വയ്ക്കുന്നതിന് അനുമതി വാങ്ങാതെയാണെന്നാണ്. എന്നാൽ ഇപ്പോൾ പറയുന്നത് ഉദ്യോഗസ്ഥ രാഷ്ട്രീയ സ്വാധീനത്തിൽ നിർമ്മാണത്തിന് ഉത്തരവുണ്ട് എന്നാണ്. പള്ളി വയ്ക്കാൻ ഉത്തരവ് ലഭിച്ചിട്ടുണ്ട് എന്ന സത്യം ഇപ്പോഴെങ്കിലും നിങ്ങൾ അംഗീകരിച്ചല്ലോ! സന്തോഷം.

പുതുതായി പണിയുന്ന പള്ളിയുടെ തെക്ക് വശത്തുകൂടി പോകുന്ന PWD റോഡിലേയ്ക്കാണ് കൊട്ടാരത്തിൽകടവ് അങ്ങാടി റോഡിന്റെ പ്രവേശന കവാടം.വാഹന ഗതാഗത യോഗ്യമല്ലായിരുന്നതിനാൽ ഏതാനും വർഷം മുമ്പ് കൊടൂരാറിന് സൈഡിലൂടെയുള്ള ഒറ്റയടിപാത മണ്ണിട്ട് നിരത്തി വാഹന ഗതാഗതത്തിന് ഉപയുക്തമാക്കി അതിന് 'ഉണ്ണൂനീലി' റോഡ് എന്ന് നാമകരണം ചെയ്തതിൽ കവിഞ്ഞ് യാതൊരു ചരിത്രപ്രാധാന്യവുമില്ല. ഉണ്ണുനീലി സന്ദേശത്തിൽ പറയുന്ന 'മാർഗം' ഇതല്ല എന്നറിഞ്ഞിട്ടും എന്തേ നിങ്ങൾ പഴയ പല്ലവി തന്നെ പാടുന്നത്.? ഈ പറയുന്ന പുതിയ ഉണ്ണുനീലി റോഡിനെ അങ്ങാടിയുമായി ബന്ധിപ്പിക്കുന്നത് പഴയ PWD റോഡാണ്. അവിടെ ആരും കൈയ്യേറ്റവും നടത്തിയിട്ടില്ല. അടിസ്ഥാനരഹിതവും അവാസ്തവവും അബദ്ധജടിലവുമായ പ്രസ്താവനകളിൽ നിന്ന് അത്മായവേദി ദയവായി പിന്തിരിയുക. കക്ഷിത്വചിന്ത മൂത്ത് പുതുപ്പള്ളി പള്ളി നാടൻ ബോംബ് വച്ച് തകർക്കാൻ ശ്രമിച്ചപുതുപ്പള്ളിയിലെ കാതോലിക്കാ പക്ഷക്കാരെ നിങ്ങൾക്ക് ഹാ! കഷ്ടം. കൊച്ചുപള്ളി ബുൾഡോസർ വച്ച് ഇടിച്ചുനിരത്തിയ നിങ്ങൾക്ക് ഹാ കഷ്ടം. കേരളത്തിലെ ഒരു പ്രശസ്ത ജോത്സ്യനെകൊണ്ട് പ്രശ്നം വയ്പ്പിച്ചിട്ട് പുതുപ്പള്ളി പള്ളിയുടെ തെക്ക് വശത്തെ മാളിക മുറി പൊളിച്ചുകളഞ്ഞ നിങ്ങൾക്ക് ഹാ കഷ്ടം. ദൈവം നിങ്ങളെ ന്യായവിധിയിൽ കുറ്റവിമുക്തരാക്കാൻ പ്രാർത്ഥിക്കുന്നു.

## 2. പുതുപ്പള്ളിയിലെ സെമിത്തേരിപ്രശ്നം.

ആദ്യകാലങ്ങളിൽ പള്ളിയകത്ത് തന്നെയാണ് മൃതദേഹം മറവുചെയ്തിരുന്നത്. 1750 ന് ശേഷം ഒരു തർക്കത്തെത്തുടർന്ന് പള്ളിമുറ്റത്ത് തന്നെ ഒരു ദേവാലയം പണികഴിപ്പിച്ച് അവിടെ ശവസംസ്കാരം നടത്തൽ തുടങ്ങി. വൈദീകരടക്കമുള്ള ഇടവകാംഗങ്ങളെ സംസ്കരിച്ചിരിക്കുന്നത് പള്ളിയിലാണ്. പിൽക്കാലത്ത് ഈ പതിവും നിർത്തലാക്കി പള്ളിയുടെ തെക്ക് കിഴക്കേ സ്ഥലത്ത് ശവസംസ്കാരം നടത്തി തുടങ്ങി. ആ കബറിടങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. ഏറ്റവും ഒടുവിലായി പള്ളിയുടെ കിഴക്ക് വശത്ത് കൂടി കടന്നുപോകുന്ന റോഡിന്റെ മുൻഭാഗത്തുള്ള ആശാരിപറമ്പ് വാങ്ങി ആ സ്ഥലത്തിന്റെ പകുതിഭാഗത്തായി ശവസംസ്കാരത്തിന് സെമിത്തേരി സ്ഥാപിച്ചു. അര നൂറ്റാണ്ടോടെ തന്നെ സെമിത്തേരിയിൽ സ്ഥലസൗകര്യം ഇല്ലാതായി. പലരേയും മറവ് ചെയ്തത് ഒന്നിന് മുകളിൽ ഒന്നായിട്ടാണ്. 1985-86 കാലഘട്ടത്തിൽ നിലവിലുള്ള സെമിത്തേരിയുടെ വടക്ക് ഭാഗത്ത് ഒരു പൊതുകല്ലറ സ്ഥാപിച്ചു (ഈ പൊതുകല്ലറയുടെ ടാങ്ക് ശരിയായി സിമന്റ് ചെയ്യാത്തതിനാൽ മാലിന്യങ്ങൾ ചുറ്റുപാടേക്ക് വ്യാപിച്ച് പരിസ്ഥിതി മലിനീകരണത്തിന് കാരണമായി തീർന്നു).

മേൽപറഞ്ഞ ആശാരി പറമ്പിന്റെ വടക്ക് കിഴക്ക് ഭാഗം രണ്ട് സ്വകാര്യ വ്യക്തികളുടേതായിരുന്നു. പള്ളിയിലെ പുത്തൻ ഭരണക്കാർ ഈ സ്ഥലം വാങ്ങി. പ്രസ്തുത സ്ഥലത്ത് ഒരു പൊതു കല്ലറ നിർമ്മിക്കാൻ പഞ്ചായത്തിനെ സമീപിച്ചു. പഞ്ചായത്ത് അനുമതി കിട്ടികഴിഞ്ഞപ്പോൾ പൊതുകല്ലറ എന്ന ആശയം മാറ്റി, ഒറ്റകല്ലറകൾ (80-ൽപരം) നിർമ്മിക്കാൻ ആരംഭം കുറിച്ചു. നിലവിലുള്ള കല്ലറകളിൽ നിന്ന് തന്നെ ഇപ്പോൾ പരിസരമലിനീകരണം നടക്കുന്നതിനാൽ 'ക്യാൻസർ' പോലുള്ള മാരകരോഗങ്ങൾക്ക് സമീപവാസികൾ അടിപ്പെട്ടിരിക്കുന്നതിനാൽ അവർ പഞ്ചായത്തിനെ സമീപിച്ചു. (2004-ൽ ഈ പ്രശ്നം സൂര്യാ ടീവിയിലും മറ്റും പ്രക്ഷേപണം ചെയ്തിരുന്നു). പൊതുകല്ലറ മാത്രമെ നിർമ്മിക്കാവൂ എന്ന് പഞ്ചായത്തും തുടർന്ന് കോടതിയും ഉത്തരവിട്ടിരുന്നതാണ്. കാതോലിക്കാ പക്ഷക്കാരുൾപ്പെടുന്ന സമീപ വാസുകളുടെ എതിർപ്പിനെയും നിരോധന ഉത്തരവുകളെയും ലംഘിച്ച് രാഷ്ട്രീയ പിൻബലത്തിൽ 'ഒറ്റകല്ലറകൾ' നിർമ്മിക്കുകയാണ് കാതോലിക്കാ പക്ഷ ഭരണ സമിതി ചെയ്തത്. നിർമ്മാണത്തിന് ശേഷം ഭീമമായ തുകയ്ക്ക് ഈ കല്ലറകൾ വിറ്റ് കാശാക്കി. (ഈ കച്ചവടത്തിൽ ഭരണക്കാരിൽ പലർക്കും നല്ല തുക അടിച്ചുമാറ്റി സ്വന്തം കീശ വീർപ്പിക്കാൻ പറ്റിയെന്നാണ് ജനസംസാരം). എന്നാൽ ഇതുകൊണ്ടൊന്നും പിന്മാറാതെ സമീപവാസികളുടെ നിരന്തരമായ ആവശ്യപ്രകാരം പഞ്ചായത്ത് ഈ അനധികൃത കല്ലറകൾ പൊളിച്ചുമാറ്റാൻ നിർദ്ദേശിച്ചു.

ഇതിൽ എന്തനീതിയാണുള്ളത്? പുതുപ്പള്ളിയിലേയും ചുറ്റുപാടുമുള്ള കരകളിലേയും 15 തലമുറയിൽ പെട്ടവരായ ആരെയൊക്കെയാണ് പള്ളി പുതുതായി വാങ്ങിയ സ്ഥലത്ത് അടക്കിയിരിക്കുന്നത്. 2001 ന് ശേഷം വാങ്ങിയ സ്ഥലത്ത് 15 തലമുറ പോയിട്ട് 15 പേരെപ്പോലും സംസ്കരിച്ചിട്ടില്ല എന്നതാണ് വാസ്തവം. കണ്ണടച്ച് ഇരുട്ടാക്കല്ലേ, അത്മായവേദി പ്രവർത്തകരേ!

## 3. കാതോലിക്കാ പക്ഷം പുതുപ്പള്ളിയിൽ നടത്തിയ അതിക്രമങ്ങൾ

1. 1999-ൽ ഏതോ ഒരു ജോത്സ്യന്റെ വാക്കുകേട്ട് കൊച്ചുപള്ളി ബുൾഡോസർ വച്ച് ഇടിച്ചുനിരത്തി. 30ലധികം തലമുറയിലെ ആളുകളെ അടക്കിയിരിക്കുന്ന ഈ സ്ഥലം (കൊച്ചുപള്ളി സ്ഥിതി ചെയ്തിരുന്ന സ്ഥലം) കാർ പാർക്കിംങ്ങ് ആക്കി മാറ്റി. പൂർവ്വ പിതാക്കളുടെ 'നെഞ്ചത്ത്' തന്നെ വേണമോ കാർ പാർക്കിങ്ങ്?
2. പള്ളി പൊളിച്ചു പണിതതും ഹാൾ പണികഴിപ്പിച്ചതും മറ്റും പഞ്ചായത്തിന്റെ അറുവോടെയായിരുന്നില്ല.
3. കൊടൂരാറിന് സമീപത്തേക്കുള്ള പഴയ PWD റോഡ് വെട്ടിനിരത്തി കൈവശപ്പെടുത്തി.
4. കാതോലിക്കായുടെ പേരിൽ പുതുപ്പള്ളിയിൽ വാങ്ങിയ സ്ഥലത്ത് പള്ളിയുടേതെന്ന് പറഞ്ഞ് സ്ഥാപിച്ചിരിക്കുന്ന കുരിശടി റോഡിൽനിന്ന് നിശ്ചിത അകലം പാലിക്കാതെയും പുറമ്പോക്ക് കൈയ്യേറിയും നിർമ്മിച്ചു. ഇതിനെതിരെ RSS നേതൃത്വം രംഗത്ത് വന്നിരുന്നതാണ്. (ഇനി RSS കാർ ബാവകക്ഷിക്കാരാണെന്ന് പറയുമോ എന്തോ?)
5. പഞ്ചായത്തിന്റെ അനുമതിയില്ലാതെ ഒറ്റകല്ലറകൾ പുതുതായി വാങ്ങിയ സ്ഥലത്ത് സ്ഥാപിച്ചു.
6. ഉത്തര കേരളത്തിലെ ഒരു പ്രശസ്ത ജോതിഷനെ കൊണ്ട് പ്രശ്നം വയ്പിക്കുകയും പള്ളിയുടെ തെക്കുവശത്തെ മാളിക പൊളിച്ചുകളയുകയും ചെയ്തു.
7. നാൽപതിലധികം വർഷങ്ങളിൽ പുതുപ്പള്ളിയിൽ സേവനമനുഷ്ടിച്ച കടിയന്തുരത്തിലച്ചന്റെ മൃതദേഹത്തോട് കാട്ടിയ അനാദരവ്.

ഇങ്ങനെ അതിക്രമങ്ങളുടെ പട്ടിക നീണ്ടുപോകുന്നു. ഇതൊക്കെ വിശ്വാസസംരക്ഷണത്തിന്റെ ഭാഗമാണോ? ഇത്തരം അതിക്രമങ്ങൾക്ക് കൂട്ടുനിൽക്കുന്ന കാട്ടുകള്ളന്മാരെ സംരക്ഷിക്കുകയാണോ അത്മായവേദിയുടെ ലക്ഷ്യം? പൂർവ്വികരുടെ നെഞ്ചത്ത് കാർ പാർക്കിങ്ങിന് സ്ഥലം കണ്ടെത്തിയവർക്കെതിരെ എന്താണ് അത്മായവേദി പ്രതികരിക്കാത്തത്? പുതുതായി വാങ്ങിയ സ്ഥലത്ത് അനധികൃത നിർമ്മാണം (കല്ലറകളുടെ) നടന്നപ്പോൾ നിങ്ങൾക്ക് പഞ്ചായത്ത് റൂളും ചട്ടവും ഒന്നും അറിയില്ലായിരുന്നോ?

## 4. പുതിയ വിവാദങ്ങൾക്ക് പിന്നിൽ

1. പുതുപ്പള്ളിയിൽ നിർമ്മാണം പൂർത്തിയായി വരുന്ന യാക്കോബായ സുറിയാനി ദേവാലയത്തിന്റെ നിർമ്മിതി തടയുക.
2. പുതുപ്പള്ളിയിലെ യാക്കോബായ ദേവാലയം പണി പൂർത്തിയായാൽ കാതോലിക്കാ കക്ഷിയുടെ അംഗബലം കുറയുമോ എന്ന പേടി.
3. 15 തലമുറയിലധികം ആളുകളുടെ കല്ലറകൾ പൊളിക്കാൻപോണൂവെന്ന് കള്ളപ്രചരണം നടത്തി, സമുദായവികാരം ഇളക്കിവിട്ട് അനധികൃതകല്ലറകൾ പൊളിപ്പിക്കാതിരിക്കുക.
4. അനധികൃത കല്ലറകൾ വിറ്റവകയിൽ കീശയിലാക്കിയ ലക്ഷങ്ങൾ തിരികെ കൊടുക്കേണ്ടി വരുമോ എന്ന ഭയാശങ്ക.
5. കാതോലിക്കാ കക്ഷിയിലെ സാധാരണക്കാരായ ജനത്തെ പുതുപ്പള്ളിയിലെ യാക്കോബായക്കാർക്കെതിരെ തിരിക്കുക
6. അനധികൃത കല്ലറകൾ പൊളിക്കാൻ പഞ്ചായത്തിനെ സമീപിച്ചത് കാതോലിക്കാ കക്ഷിക്കാരനായ സ്വന്തം ഇടവകാംഗമാണെന്ന സത്യം മറച്ചുവച്ച് യാക്കോബായ സഭാംഗങ്ങളെ പ്രതികൂട്ടിലാക്കുക.
7. 2007 -ൽ പരി. പാത്രിയർക്കീസ് ബാവ വന്ന് പുതുപ്പള്ളിയിൽ പള്ളി കൂദാശ നടത്തുമോ എന്ന വിഭ്രാന്തി.

കാതോലിക്കാ പക്ഷത്തിന്റെ ഹിഡൺ അജണ്ടയിലെ ചിലതുമാത്രമാണിവ. കണ്ണുമടച്ച് പാലുകുടിച്ചാൽ ആരും കാണില്ല എന്ന് കരുതും പോലെയാണ് കാതോലിക്കാ പക്ഷ തീവ്രവാദികളുടെ ചില നീക്കങ്ങൾ. നിങ്ങളുടെ ആലോചനകൾ 'അഹീഥോഫെലിന്റെ ആലോചനകൾ' പോലെ ദൈവം വ്യർത്ഥമാക്കും. കാരണം ഞങ്ങൾ ആശ്രയിക്കുന്നത് രഥങ്ങളിലും, കുതിരകളിലുമല്ല പിന്നയോ യഹോവയിലത്രെ.

നിയുക്ത കാതോലിക്കയെ തിരഞ്ഞെടുത്തപ്പോൾ മുതൽ കാതോലിക്കാ വിഭാഗത്തിൽ പുകയുന്ന അസ്വസ്ഥതകൾ പുറത്തറിയാതിരിക്കാനാണോ അത്മായവേദിയും അതിന്റെ പ്രവർത്തകരും ശ്രമിക്കുന്നത്. പുതുപ്പള്ളിയിലെ സെമിത്തേരി പ്രശ്നത്തിന്റെ പൊള്ളത്തരങ്ങൾ നിങ്ങൾക്ക് മനസ്സിലായി കാണുമല്ലോ. നിങ്ങൾ വിരൂപമാക്കിയ സത്യത്തിന്റെ മുഖം നിങ്ങൾ ക്രൂശിച്ച സത്യത്തിന്റെ മുഖം ഇവിടെ അനാവരണം ചെയ്യപ്പെട്ടു കഴിഞ്ഞു. ഇപ്പോൾ അത്മായവേദിക്കും അണിയറ ശിൽപികൾക്കും മനസിലായോ സത്യം ഉയർത്തെഴുന്നേൽക്കുമെന്ന്. ദൈവം നിങ്ങളുടെ പിഴകൾക്ക് ക്ഷമ നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# കടലിൽ താഴ്ത്തപ്പെട്ട് രക്തസാക്ഷിയായ അഹത്തുള്ളാ ബാവ ആ പുണ്യ പിതാവിന്റെ നാമത്തിൽ ദേവാലയം ഉയരും

(ഷെവ. കെ.ഒ. മാത്യു, ക്യാപ്റ്റൻ അന്ത്യോഖ്യാ വിശ്വാസസംരക്ഷണസമിതി)



അന്ത്യോഖ്യാ വിശ്വാസം സംരക്ഷിക്കുന്നതുപോലെ പരമപ്രധാനമാണ് വി. സഭയ്ക്കുവേണ്ടി പീഢകൾ അനുഭവിക്കുകയും രക്തസാക്ഷിത്വം വഹിക്കുകയും ചെയ്ത സഭാ പിതാക്കന്മാരെ നാം കുർബ്ബാനയിലും പ്രാർത്ഥനയിലും ഓർക്കുകയും ആ വിശുദ്ധന്മാരോട് മദ്ധ്യസ്ഥത യാചിക്കുകയും അവരെ ആദരിച്ച് ബഹുമാനിക്കുകയും ചെയ്യുക എന്നത്. അതുവഴി നാമാണ് അനുഗ്രഹീതരാകുന്നത്.

**"ഭൂമിയിലെ വിശുദ്ധന്മാരോ അവർ എനിക്ക് പ്രസാദമുള്ള ശ്രേഷ്ഠൻമാർ തന്നെ" (സങ്കി.)**

ദൈവത്തിന്റെ മണവാട്ടിയാകുന്ന വി. സഭയെ നയിക്കുവാനും സംരക്ഷിക്കുവാനുള്ള ശ്രമത്തിൽ ക്രൂരമായി മർദ്ദിക്കപ്പെട്ട് കടലിൽ താഴ്ത്തപ്പെട്ട് രക്തസാക്ഷിയായ അഹത്തുള്ള ബാവായുടെ ഓർമ്മ നിലനിർത്തുവാൻ ആ പുണ്യപിതാവിന്റെ നാമത്തിൽ ഒരു സ്മാരകം തീർക്കുവാൻ പൗരസ്ത്യ കാതോലിക്ക ശ്രേഷ്ഠബസേലിയോസ് തോമസ് പ്രഥമൻബാവാ തിരുമനസ്സുകൊണ്ട് കൽപിച്ച് ഉത്തരവായിരിക്കുകയാണ്. അന്ത്യോഖ്യാ വിശ്വാസസംരക്ഷണ സമിതി വളരെക്കാലമായി ആഗ്രഹിച്ചിരുന്ന ഈ കാര്യം അഭി. പിതാവിന്റെ പക്കൽ സമർപ്പിക്കുകയും തൽഫലമായി ഈ പുണ്യകർമ്മത്തിന് ആരംഭം കുറിക്കുകയും ചെയ്യുകയാണുണ്ടായത്.

കാൽവറിയെ ബലി വഴി കർത്താവായ യേശുക്രിസ്തു തന്റെ മരണത്താൽ നമ്മുടെ മരണത്തെ ചവിട്ടികൊന്നു. തന്നെയുമല്ല താനൊഴുക്കിയ രക്തത്താൽ ക്രിസ്തു തന്റെ സഭയെ വിലയ്ക്ക് വാങ്ങുകയും ചെയ്തു. (അപ്പ. 20:28, എഫേ. 5:27) മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഏതു സഭയാണോ തന്റെ ജീവനും രക്തവും നൽകി കർത്താവായ യേശുക്രിസ്തു വിലയ്ക്ക് വാങ്ങിയത്. അതാണ് ദൈവത്തിന്റെ സഭ. ആ സഭയുടെ സിംഹാസനമാണ് കർത്തൃകൽപന പ്രകാരം വി. പത്രോസ് ശ്ലീഹാ എ.ഡി. 37 ൽ അന്ത്യോഖ്യായിൽ സ്ഥാപിച്ചത്. (അപ്പ. 13:1) ആ സഭയിൽ ഉള്ളവരെയാണ് ലോകത്താദ്യമായി ക്രിസ്ത്യാനികൾ എന്ന് വിളിച്ചത്. (അപ്പ.11:26) ആ തന്റെ സഭയുടെ താക്കോലും ആ സഭയെ കെട്ടാനും അഴിക്കാനുമുള്ള അധികാരവുമാണ് ക്രിസ്തു വി. പത്രോസ് ശ്ലീഹായ്ക്ക് നൽകിയത്. അചഞ്ചലവും പാറപോലെ ഉറപ്പുള്ളതുമായ വിശ്വാസത്തിൻമേൽ തന്റെ സഭയാകുന്ന സൗധം ഉയർത്തപ്പെടുന്ന പക്ഷം പാതാള വാതിലുകൾ-തിന്മയുടെ ശക്തികൾ -അതിനെ ജയിക്കയില്ലെന്നും, എത്ര ഘോരമായ കാറ്റും മഴയും പ്രളയവും വന്നാലും അതിൻമേൽ തട്ടിമുട്ടിപോകുമെന്നല്ലാതെ തന്റെ സഭയാകുന്ന സൗധത്തെ മറിക്കുവാനോ ജയിക്കുവാനോ സാദ്ധ്യമല്ലെന്ന് താൻ നിശ്ചയിക്കുകയും തന്റെ അനുചന്മാരുടെ വിശ്വാസത്തെപ്പറ്റി ചോദിക്കുകയും വി. പത്രോസ് മനുഷ്യാവതാര രഹസ്യങ്ങൾ ഏറ്റുപറയുകയും അങ്ങനെ അവരിൽ സംജാതമായ സത്യവിശ്വാസത്തിൻമേൽ കർത്താവ് തന്റെ സഭയെ പണിയുകയും ചെയ്തു.

കർത്താവിന്റെ സഭയായി വി. വേദപുസ്തക പ്രകാരവും ചരിത്രപരമായും പറയാവുന്നത് ഭൂമിയിൽ ഈ ഒരു സഭ മാത്രമാണ്. ഈ ഏക വിശുദ്ധ സഭയെക്കുറിച്ചും അതിന്റെ പ്രാദേശിക ഘടകങ്ങളെക്കുറിച്ചുമാണ് പുതിയ നിയമത്തിലെ പരാമർശങ്ങൾ. 'കോരിന്തിലുള്ള ദൈവ സഭ' (1 കൊരി. 1:2), 'ഗലാത്യയിലെ സഭകൾ' (ഗലാ 1:2), 'ആസിയായിലെ 7 സഭകൾ' (വെളി 1:4) ഇവയെല്ലാം തന്നെ അന്ത്യോഖ്യയിൽ സ്ഥാപിതമായ തന്റെ സഭയുടെ ഭാഗങ്ങൾ മാത്രമായിരുന്നു. അന്ത്യോഖ്യയിൽ സ്ഥാപിതമായ സഭയാണ് ദൈവത്തിന്റെ സഭയെന്നും അതാണ് ലോകത്തിലെ ആദ്യത്തെ സഭയെന്നും അന്നുണ്ടായിരുന്ന മറ്റു സഭകൾ അതിന്റെ ഘടകങ്ങളായിരുന്നു എന്നുള്ളതിന്റെയും മറ്റൊരു തെളിവത്രെ വി. പൗലോസ് ശ്ലീഹ എഫേസോസിലെ കശ്ശീശാമാർക്ക് കൊടുക്കുന്ന ഉപദേശം.

"ആകയാൽ നിങ്ങളെത്തന്നെയും ദൈവം തന്റെ രക്തത്താൽ സമ്പാദിച്ച ദൈവത്തിന്റെ സഭയെ മോചിപ്പിക്കാനായി പരിശുദ്ധാത്മാവ് നിങ്ങളെ എപ്പിസ്കോപ്പാമാരായി നിയോഗിച്ചിട്ടുള്ള അതത് ഇടവക (ആട്ടിൻകൂട്ടം)യേയും സൂക്ഷിച്ചുകൊള്ളണം. ഞാൻ പോയി കഴിഞ്ഞാൽ ഇടവകയോട് ദയയില്ലാത്ത ശക്തരായ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കുമെന്നും അവരുടെ പിന്നാലെ പോകത്തക്കവണ്ണം ശിഷ്യരെ തിരിപ്പിക്കുന്ന ആളുകൾ നിങ്ങളുടെ ഇടയിൽ നിന്നുതന്നെ എഴുന്നേൽക്കുമെന്നും ഞാൻ അറിയുന്നു" (വി.ഗ്രന്ഥം. അപ്പ 20:28)

മേൽ വാക്യത്തിൽനിന്നും ഗ്രഹിക്കാവുന്ന കാര്യങ്ങൾ

1. തന്റെ സഭയെ തന്റെ രക്തത്താൽ ദൈവം വിലയ്ക്കുവാങ്ങി.

2. അത് ശ്ലീഹന്മാരുടെ കാലത്തേ നിലവിലുണ്ടായിരുന്നു. (പിന്നീട് ഉണ്ടായതും ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതും ഇനി ഉണ്ടാകാൻ പോകുന്നതുമല്ല)

3. അതിന് കശ്ശീശാമാരും എപ്പിസ്കോപ്പാമാരും അന്നുമുതലെ ഉണ്ടായിരുന്നു.

4. അവരെ നിയോഗിച്ചിരുന്നത് പരിശുദ്ധാത്മാവായിരുന്നു.

5. ഇടവകയോട് (ആട്ടിൻകൂട്ടം) ദയയില്ലാത്ത ശക്തരായ ചെന്നായ്ക്കൾ ഉണ്ടാകും.

6. അവർ അവരുടെ പിന്നാലെ പോകത്തക്കവണ്ണം ശിഷ്യരെ തിരിപ്പിക്കും

7. അതിനുവേണ്ടി വക്രവും അസത്യവുമായ കാര്യങ്ങൾ സംസാരിക്കുന്ന ആളുകൾ നിങ്ങളുടെ ഇടയിൽ നിന്നുതന്നെ എഴുന്നേൽക്കും.

(കർത്താവിന്റെ സഭയിൽ ഈ പ്രവചനങ്ങളെല്ലാം അന്നുമുതൽ ഇതുവരെയും നിവൃത്തിയായിക്കൊണ്ടിരിക്കുന്നു)

കർത്താവായ യേശുക്രിസ്തു സ്ഥാപിച്ച് സഭ നമ്മുടെ സഭയാണെന്നും അത് ആദിമുതലെ ഉള്ളതായിരുന്നുമുള്ളതിന്റെ മറ്റൊരു സുപ്രധാന തെളിവത്രെ സെഹിയോൻ മാളികയെന്ന മർക്കോസിന്റെ മാളിക. യേശുക്രിസ്തു പെസഹാ ഒരുക്കിയതും, കാൽകഴുകൽ ശുശ്രൂഷ നടത്തിയതും, ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടതും വി. ദൈവമാതാവിനെ മാമ്മോദീസ മുക്കിയതും തുടങ്ങി അനേകം പുണ്യരംഗങ്ങൾക്ക് സാക്ഷിയായി നിൽക്കുന്ന ലോകത്തിലെ ആദ്യത്തെ ക്രൈസ്തവ ദേവാലയം എന്നറിയപ്പെടുന്ന ഈ പുണ്യപുരാതനസ്ഥലം അന്നുമുതൽ ഇന്നുവരെ വി. സഭയുടേതു മാത്രമാണെന്നതു തന്നെ വി. സഭ ആദിമുതലുള്ളതാണെന്നും അതുമാത്രമാണ് ദൈവം സ്ഥാപിച്ച ഏക വിശുദ്ധ സഭയെന്നും മനസ്സിലാക്കാം. ഈ വി. സഭയ്ക്കുവേണ്ടി എത്രയെത്ര വിശുദ്ധന്മാരാണ് തങ്ങളുടെ ജീവനും രക്തവും നൽകിയത്. ശ്ലീഹന്മാർ, തുടർന്ന് അന്ത്യോഖ്യാ സിംഹാസനത്തിൽ വാണിരുന്ന പാത്രിയർക്കീസന്മാർ വി. ഗീവർഗീസ് സഹദാ ഉൾപ്പടെ എത്രയോ ആയിരം വിശുദ്ധന്മാർ.

(വി. സഭയ്ക്ക് ഉണ്ടായ പീഢകളും അഹത്തുള്ളാ ബാവായുടെ രക്തസാക്ഷിത്വവും - അടുത്തലക്കത്തിൽ)

## മാർ ഐറേനിയോസും എന്റെ വിയോജിപ്പുകളും...

നാലാം പേജിൽനിന്ന് തുടർച്ച

തിയെ പ്രതി സഭയെത്തന്നെ ഭിന്നതയിലേയ്ക്ക് നയിച്ചതാണ് അക്ഷന്തവ്യമായ അപരാധം. ഏകനായകാധിപത്യത്തിനു വേണ്ടിയുള്ള പരിശ്രമം കൂടിയായപ്പോൾ അത് അതീവ ഗുരുതരവും അച്ചടക്കനടപടിയ്ക്ക് വിധേയമാക്കേണ്ട നടപടിയുമായിത്തീർന്നു എന്നതും അവിസ്മരണീയമാണ്. ബഥനി മെത്രാച്ചന്റെ കത്തോലിക്കാ സഭാ പ്രവേശനത്തെ ഇന്നും അതിശക്തിയായി അപലപിക്കുന്ന മെത്രാൻ കക്ഷി വിഭാഗത്തിന് സഭാ മേലധ്യക്ഷതയെ ധിക്കരിച്ച് മെത്രാൻ വാഴ്ച നടത്തിയതും സ്ഥാനഭ്രംശനാക്കപ്പെട്ട പാത്രിയർക്കീസിനെ നിയമവിരുദ്ധമായി മലങ്കരയിൽ കൊണ്ടുവന്നതും തിഗ്രീസിലെ കാതോലിക്കേറ്റ് അനധികൃതമായി മാറ്റിസ്ഥാപിക്കുവാൻ അകാനോനികമായി പരിശ്രമിച്ചതും ഒക്കെ മലങ്കര സിനഡിലെ ഒരംഗം ഇന്ന് ആവർത്തിച്ചാൽ കാതോലിക്കോസ് പക്ഷം എങ്ങനെയായിരിക്കും പ്രതികരിക്കുക എന്നുമാത്രം ചിന്തിക്കുക. ആനയ്ക്കും തുടലിനും ഭ്രാന്തുപിടിക്കുക മാത്രമല്ല, ലഹരിപിടിച്ച ആനക്കാരനെ കടന്നലുകുത്തിയപോലിരിക്കും എന്നാണ് എനിക്ക് പറയുവാനുള്ളത്.

### 8. മെത്രാധിപത്യം മെത്രാധിപത്യം തന്നെ

ഇടവക പൊതുയോഗത്തേയും ഇടവകാംഗങ്ങളുടെ അവകാശങ്ങളെയും കാറ്റിൽ പറത്തി ഇടവകകളിൽമേൽ മെത്രാധിപത്യം സ്ഥാപിക്കുന്നതാണ് സഭാസ്വാതന്ത്ര്യം എന്ന് ശ്രീമാൻ പുളിയേരിൽ വാദിക്കുന്നു. ഇത് വിവിധ തലങ്ങളിലെ ആലോചനകളിലൂടെ സ്ഥാപിക്കപ്പെട്ടതാണെന്നും അദ്ദേഹം വാദിക്കുന്നു. എന്നാൽ ഇടവക പള്ളികളിന്മേൽ മെത്രാധിപത്യത്തിന് യാതൊരു സാധ്യതയുമില്ലെന്ന് 1995 -ലെ സുപ്രീംകോടതി വിധിയും കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ ഏറ്റം പുതിയ വിധിയും നിലനിൽക്കുന്നു എന്നുള്ള സത്യവും ജോസച്ചായൻ മറന്നപോലെ തോന്നുന്നു.

### 9. കോട്ടയം പാപ്പാ എന്ന കാതോലിക്കോസ്

ദേവലോക സഭയുടെ കാതോലിക്കോസ് 'കോട്ടയം പാപ്പാ' ആണെന്നതിനുള്ള താരതമ്യം ആഗോള കത്തോലിക്കാ സഭയുടെ റോമിലെ പാപ്പായുമായുള്ള താരതമ്യം കോട്ടയം സഭയുടെ സാർവത്രികത്വത്തിന്റെ ലക്ഷണമായി ശ്രീമാൻ പുളിയേരിൽ ആവർത്തിക്കുന്നു. 'കാതോലിക്കായെ സാർവത്രിക അധ്യക്ഷൻ' എന്ന അവകാശവാദം 1934 ഭരണഘടന അനുസരിച്ചോ1995 സുപ്രിംകോടതി വിധിയനുസരിച്ചോ സഭയുടെ ആരാധനാക്രമങ്ങളിലെ സാക്ഷ്യം അനുസരിച്ചോ നിലനിൽക്കുന്നതാണോ എന്ന് പ്രിയപ്പെട്ട ജോസച്ചായൻ ഒന്നു പരിശോധിക്കണം. പാത്രിയർക്കീസിന്റെ രണ്ടാം സ്ഥാനിയായിട്ടല്ലാതെ കാതോലിക്കോസിനെ കാണണമെങ്കിൽ ജോസച്ചായന്റെ ലേഖനമോ മാർ ഐറേനിയസിന്റെ വികാര പ്രഭാഷണമോ ആശ്രയിക്കേണ്ടിവരും. കാതോലിക്കാ പക്ഷത്തെ അഭിഭാഷകനായ ശ്രീമാൻ നരിമാനോട് ഒന്നു ചോദിച്ചുനോക്കുക. നൂതനഭാഷ്യങ്ങൾ ചുമക്കുന്നതാരെന്ന് അദ്ദേഹം പറഞ്ഞുതരും. 'കോട്ടയം പാപ്പാ' എന്ന പ്രയോഗത്തിന്റെ ഉൾത്തുടിപ്പുകൾ അറിയുവാൻ പൗലോസ് മോർ ഗ്രിഗോറിയോസ് തിരുമേനി എഴുതിയ Jarring notes എന്ന ലേഖനവും റവ. ഡോ. സി. എ. ഏബ്രഹാം എഴുതിയ Jarring notes made more jarring എന്ന ലേഖനവും സശ്രദ്ധം വായിക്കുക. ഞാൻ കൂടുതൽ വിവാദങ്ങളിലേയ്ക്ക് കടക്കുന്നില്ല.

### 10. ചൂരലും ചമ്മട്ടിയും

കർത്താവിന് ചമ്മട്ടി എടുക്കാമെങ്കിൽ വട്ടശേരിൽ മെത്രാച്ചന് ചൂരൽ എടുക്കാം എന്നാണ് ജോസച്ചായന്റെ ന്യായം. പത്രോസിന് വാളെടുത്ത് ഭടനെ വെട്ടാമെങ്കിൽ പിൻഗാമിയായ പാത്രിയർക്കീസിന് അനുസരണംകെട്ടവരെ അനുസരിപ്പിക്കുവാൻ കൊച്ചുപിച്ചാത്തി എങ്കിലും എടുക്കാമായിരിക്കും! മലങ്കര മൽപാൻ കൂടിയായ കോനാട്ടച്ചനെ തല്ലിയ അപക്വതയെ ന്യായീകരിക്കുവാൻഒരു നൂറ്റാണ്ട് കഴിഞ്ഞിട്ടും പക്വമതിയായ പുളിയേരിയങ്കിളുപോലും മത്സരികക്കുന്ന കക്ഷി തീവ്രതയുടെ കാഠിന്യം തിരിച്ചറിയുമ്പോൾ ഈ സഭാ ഘടനയോടുതന്നെ സഹതാപം തോന്നുന്നു. ക്ഷമിക്കണം, തമ്പുരാൻ ചമ്മട്ടി എടുത്ത് 'അടിച്ചു' പുറത്താക്കി എന്ന പ്രയോഗം ഒന്നുകൂടി സൂക്ഷ്മ പരിശോധന നടത്തുവാൻ അപേക്ഷിക്കുന്നു. പണ്ടെത്തെ അധ്യാപകരൊക്കെ സഹാധ്യാപകരെയും തല്ലുമായിരുന്നു എന്നത് എനിക്ക് പുതിയ അറിവുതന്നെയാണ്. 'താൻ' എന്നുപോലും വിളിക്കാതെ 'മോനെ' എന്നുമാത്രം വിളിക്കുന്നവരും സ്നേഹസാന്നിധ്യമല്ലാതെ ശിക്ഷണമാർഗം മറ്റൊന്നും ഇല്ലാതിരുന്ന 'മൽപാൻ'മാരുടെ 'ശിക്ഷണം' ചൂരലില്ലാതെ തന്നെ അനുഭവിച്ച തലമുറ ഇന്നും ഉണ്ടെന്ന് എനിക്ക് ധൈര്യമായി പറയാം.

(തുടരും)

## കണ്ടനാട് വി. മർത്തമറിയം പള്ളി 2002 ലെ യാക്കോബായ സുറിയാനി സഭ ഭരണഘടന അംഗീകരിച്ചു.

2006 ഡിസംബർ 3-ാം തീയതി ഞായറാഴ്ച കൂടിയ കണ്ടനാട് വി. മർത്തമറിയം പള്ളിയുടെ ആകമാന ഇടവക പൊതുയോഗം യാക്കോബായ സുറിയാനി സഭയുടെ 2002 ലെ ഭരണഘടന അംഗീകരിച്ച് പാസ്സാക്കി. സഭാ തർക്കത്തെ തുടർന്ന് റിസീവർ ഭരണത്തിലായിരുന്ന കണ്ടനാട് പള്ളിയിൽ 30 വർഷത്തിന് ശേഷമാണ് നിയമാനുശ്രതമായ ഒരു ഇടവക പൊതുയോഗം ചേരുവാൻ സാധിച്ചത്. പള്ളിയെ സംബന്ധിച്ച് നിലവിൽ ഉണ്ടായിരുന്ന കേസ്സിൽ ബഹു. കോടതി പള്ളിയുടെ ആകമാന ഇടവക പൊതുയോഗം ചേർന്ന് ഏത് ഭരണഘടന പ്രകാരം പള്ളി ഭരിക്കണമെന്ന് തീരുമാനം എടുക്കുവാൻ നിർദ്ദേശിക്കുകയാണ് ഉണ്ടായത്.

കണ്ടനാട് പള്ളിയുടെ ചരിത്രത്തിൽ ഇത്രയേറെ ഇടവകാംഗങ്ങൾ പങ്കെടുത്ത പൊതുയോഗം ഇതിനുമുൻപ് ഉണ്ടായിട്ടില്ലായെന്ന് വികാരി റവ. ഫാ. ജോൺ പുന്നച്ചാലിൽ കോറെപ്പിസ്കോപ്പാ പറഞ്ഞു.

വികാരി റവ. ഫാ.ജോൺ പുന്നച്ചാലിൽ കോറെപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ 23 അംഗപള്ളി ഭരണ സമിതിയിലേയ്ക്കും പള്ളിവക സ്കൂൾ മാനേജ്മെന്റിലേയ്ക്കും തെരഞ്ഞെടുപ്പ് നടന്നു. പള്ളി ട്രസ്റ്റിമാരായി കെ.റ്റി. കുര്യാക്കോസ് കല്ലറയ്ക്കലും, കെ.സി. സാബു കാറ്റാടിയിലും സ്കൂൾ മാനേജരായി വിൽസൺ പൗലോസ് നെടുംപറത്തുകുടിയിലിനെയും ഇടവക പൊതുയോഗം തിരഞ്ഞെടുത്തു.

സഭാ തർക്കങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുവാൻ കണ്ടനാട് വി. മർത്തമറിയം പള്ളിയെ സംബന്ധിച്ചുണ്ടായ കോടതിവിധി സഹായകമാകുമെന്ന് സഭാ സെക്രട്ടറി തമ്പു ജോർജ് തുകലൻ പറഞ്ഞു. ഏത് ഭരണപ്രകാരം തങ്ങളുടെ ദൈവാലയം ഭരിക്കപ്പെടണമെന്ന് ജനാധിപത്യ സംവിധാനത്തിൽ തീരുമാനം കൈക്കൊള്ളുവാൻ അധികാരം നൽകുന്ന കോടതിവിധി ചരിത്രപാധാന്യം അർഹിക്കുന്നതാണ്.

## അഭിനന്ദനങ്ങൾ



മർത്തമറിയം വനിതാസമാജത്തിൽ 35 വർഷത്തെ നിസ്വാർത്ത സേവനത്തിന്റെ പേരിൽ ആദരിക്കപ്പെട്ട പുതുപ്പള്ളി സെന്റ് ജോർജ് യാക്കോബായ പള്ളി ഇടവകാംഗമായ പട്ടമഠത്തിൽ ശ്രീമതി അന്നമ്മ കുര്യൻ പാമ്പാടി കടുവുംഭാഗം കുടുംബാംഗമാണ്.

# തൃക്കുന്നത്ത് സെമിനാരി ചരിത്രത്തിലൂടെ

തങ്കച്ചൻ ആലുവ



1912-ൽ കാതോലിക്കേറ്റ് സ്ഥാപിക്കുന്നതിന് മുൻപ് തർക്കങ്ങളില്ലാതിരുന്ന മലങ്കര സഭയിൽ മെത്രാപ്പോലീത്തയുടെ ഏകനായകത്വം അവസാനിപ്പിക്കുന്നതിനുവേണ്ടി 1876-ൽ മലങ്കരസഭയുടെ അഖില മലങ്കരപള്ളി പ്രതിപുരുഷയോഗം പരി. പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് ബാവ മുളന്തുരുത്തി പള്ളിയിൽ വിളിച്ചുകൂട്ടുകയും മലങ്കരസഭയെ ഏഴ് ഭദ്രാസനങ്ങളായി തിരിക്കുകയും പ്രഥമ ഭദ്രാസനമായി അങ്കമാലി ഭദ്രാസനവും അതിന് അമ്പാട് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയെ പരി. പാത്രിയർക്കീസ് ബാവ വാഴിക്കുകയും നിയമിക്കുകയും ചെയ്തു. വന്യമൃഗങ്ങളുടെ സങ്കേതസ്ഥലമായിരുന്ന കടുവാക്കാട് എന്നറിയപ്പെട്ടിരുന്ന 18 ഏക്കർ സ്ഥലം ഭദ്രാസന ആസ്ഥാനത്തിന് വേണ്ടി സർക്കാരിൽനിന്നും പതിച്ചു വാങ്ങി. ഇതാണ് ഇന്ന് തൃക്കുന്നത്ത് സെമിനാരിയും അനുബന്ധസ്ഥാപനങ്ങളും ഇരിക്കുന്ന സ്ഥലം. കൊല്ലവർഷം 1064 കുംഭം 18-ാം തീയതി തിരുമേനി ഒരു ഷെഡ്ഡ് പണികഴിപ്പിച്ചും പ്രഥമ ബലി അർപ്പിച്ചുമാണ് തൃക്കുന്നത്ത് പള്ളി സ്ഥാപിച്ചത്. അന്ന് ആലുവായിൽ ഒരു യാക്കോബായ കുടുംബം പോലുമുണ്ടായിരുന്നില്ല. രോഗബാധിതനായ അദ്ദേഹം കാലം ചെയ്തിനെത്തുടർന്ന് പരി. പാത്രിയർക്കീസ് ബാവയാൽ വാഴിക്കപ്പെട്ട കടവിൽ പൗലോസ് മാർ അത്താനാസ്യോസ് തിരുമേനിയെ പരി. പാത്രിയർക്കീസ് ബാവ അങ്കമാലി ഭദ്രാസനത്തിനുവേണ്ടി നിയമിച്ചു. അദ്ദേഹമാണ് തൃക്കുന്നത്ത് സെമിനാരി സ്ഥാപിച്ചത്. അദ്ദേഹം കുടുംബസ്വത്തായ കായൽനിലങ്ങളും തെങ്ങിൻതോപ്പും ഭദ്രാസനത്തിനുവേണ്ടി സമ്പാദിച്ചു. തൃക്കുന്നത്ത് പള്ളിയുടെ പണി ആരംഭിച്ചത് അദ്ദേഹത്തിന്റെ കാലത്താണ്. അൾത്താരയുടെ പണി പൂർത്തീകരിക്കുകയും സഹ മെത്രാപ്പോലീത്തയായിരുന്ന പരുമല തിരുമേനി കൊടുത്ത വിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ അൾത്താരയുടെ തെക്കേ ഭിത്തിയിൽ സ്ഥാപിക്കുകയും ചെയ്തു. അദ്ദേഹം മാതൃഇടവകയായ വ. പറവൂർ പള്ളിയിൽ നിന്നും യാക്കോബായ കുടുംബങ്ങളെ പള്ളിക്കു സമീപം സ്ഥലം പാട്ടത്തിന് കൊടുത്ത് താമസിപ്പിച്ചു. അദ്ദേഹം 1078-ൽ വൃശ്ചികം ഏഴാം തീയതി പറവൂർ സബ്ബ്രജിസ്റ്റർ ആഫീസിൽ ആറാം പുസ്തകം ഒന്നാം വാല്യം ഒന്നു മുതൽ ഏഴുവരെ  വശത്ത് ഒന്നാം നമ്പരായി വിൽപത്രം രജിസ്റ്റർ ചെയ്തു. പ്രസ്തുത വിൽപത്രപ്രകാരം തൃക്കുന്നത്ത് സ്വത്തുക്കളിൽ തർക്കമുണ്ടായാൽ തീരുമാനമെടുക്കേണ്ട അധികാരം "അങ്കമാലി മഹാഇടവകയുടെ അതാതുകാലത്തെ മെത്രാപ്പോലീത്തയ്ക്കും പൊതുയോഗത്തിനും ആയിരിക്കും" എന്നാണ്. അദ്ദേഹം കാലംചെയ്ത് ആലുവാ പള്ളിയിൽ കബറടക്കപ്പെട്ടു. തുടർന്ന് ഭദ്രാസനഭരണം പരി. അബ്ദുള്ള പാത്രിയർക്കീസ് ബാവയാൽ വാഴിക്കപ്പെട്ട് നിയമിക്കപ്പെട്ട പൗലോസ് മാർ അത്തനാസ്യോസ് (വലിയതിരുമേനി) ചുമതലയേറ്റു. അദ്ദേഹത്തിന്റെ കാലത്ത് സഭയിൽ തർക്കങ്ങൾ ആരംഭിച്ചു. യാക്കോബായ വിഭാഗത്തിന്റെ കേന്ദ്രം ആലുവാ തൃക്കുന്നത്ത് സെമിനാരി ആയിരുന്നു. അദ്ദേഹം കുമരകം, കാക്കനാട്, ഉളിയന്നൂർ, മുതിരപ്പാടം, ചവർപ്പാടം ചുണങ്ങംവേലി എന്നിവിടങ്ങളിൽ ഭദ്രാസനത്തിന് സ്വത്തുക്കൾ സമ്പാദിച്ചു. അദ്ദേഹം സെമിനാരിയുടെ ഒന്നാം നിലയുടെ പണിപൂർത്തീകരിക്കുകയും അങ്കമാലി, അകപ്പറമ്പ്, കുറുപ്പംപടി, മുളന്തുരുത്തി, പള്ളിക്കര, അകപ്പറമ്പ്, കുറുപ്പംപടി, മുളന്തുരുത്തി, പള്ളിക്കര ഇടവകകളിൽനിന്നും യാക്കോബായക്കാരെ കൊണ്ടുവരുകയും പള്ളിവക സ്ഥലം പാട്ടത്തിന് കൊടുത്ത് പള്ളിയുടെ ചുറ്റും താമസിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പരിശ്രമഫലമായാണ് കോതമംഗലം എം.എ. കോളേജ് തിരുവതാംകൂർ സർവ്വകലാശാലയിൽനിന്നും അനുവദിപ്പിച്ചതും 50 ഏക്കർസ്ഥലം തിരു-കൊച്ചി വെഞ്ചെന്റിൽനിന്നും അനുവദിപ്പിച്ചതും. 1953 ജനു. 25 ന് അദ്ദേഹം കാലം ചെയ്ത് ആലുവാ പള്ളിയിൽ കബറടക്കപ്പെട്ടു. കാലം ചെയ്യുന്നതിന് രണ്ട്ദിവസം മുൻപ് അദ്ദേഹം മലങ്കരസഭയ്ക്ക് അയച്ച 17-ാം നമ്പർ അന്ത്യ കൽപനയിൽ ഇപ്രകാരം പറയുന്നു. "ശിരസ്സില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ നമ്മുടെ ദൃശ്യമായ ക്രിസ്തീയസഭയുടെ ദൃശ്യമായ തലയായിരിക്കുന്നത് പരി.പത്രോസ് അപ്പസ്തോലന്റെ പിൻഗാമിയായി വി. അന്ത്യോഖ്യാ സിംഹാസനത്തിൽ വാണരുളുന്ന വി. പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് മാത്രമാണ്. ശിരസ്സാകുന്ന സഭാ തലവനെ നിരാകരിച്ചുകൊണ്ട് ശരീരമാകുന്ന സഭയിൽ അംഗത്വം പാലിക്കുന്നതിന് പ്രകൃതിയോ നിയമമോ, സ്വഭാവരീതിയോ അനുവദിക്കുന്നതല്ല. ഇതാകുന്നു നമ്മുടെ വിശ്വാസസത്യം". അദ്ദേഹം മറ്റ് ഇടവകകളിൽനിന്നുംകൊണ്ടുവന്ന് പള്ളിവക സ്ഥലം പാട്ടത്തിന് കൊടുത്ത് താമസിപ്പിച്ചവരാണ് ഇന്ന് പള്ളിക്ക് ചുറ്റും താമസിക്കുന്ന യാക്കോബായക്കാർ. അവർ വലിയ തിരുമേനി പഠിപ്പിച്ച വിശ്വാസസത്യത്തിൽ ഇന്നും ഉറച്ചുനിൽക്കുന്നു.

തുടർന്ന് പരി. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവയാൽ വാഴിക്കപ്പെടുകയും നിയമിക്കപ്പെടുകയും ചെയ്ത വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനി അങ്കമാലി ഭദ്രാസനത്തിന്റെ ചുമതലയേറ്റു. അദ്ദേഹം നെടുമ്പാശ്ശേരി മാർ അത്തനേഷ്യസ് സ്കൂൾ, കിഴക്കമ്പലം ദയറ, തൃക്കുന്നത്ത് സെമിനാരി ബിൽഡിംഗ്സ്, സിറിയൻ ഹോസ്റ്റൽ, ന്യൂ ബിൽഡിംഗ്സ്, എം.ജി. പ്രസ്സ്, സെമിനാരിയുടെ രണ്ടാംനില എന്നിവ പണികഴിപ്പിച്ചു. തൃക്കുന്നത്ത് പള്ളി പൂർണ്ണ ഇടവക പള്ളിയാക്കുകയും സെമിനാരി കെട്ടിടത്തിൽ പുതിയ ചാപ്പൽ നിർമ്മിക്കുകയും ചെയ്തു. പള്ളിയിൽനിന്നും ഭദ്രാസനപള്ളി പ്രതിപുരുഷയോഗങ്ങളിലും മലങ്കര അസോസിയേഷനിലും വികാരിയും പ്രതിനിധികളും പങ്കെടുത്ത് വോട്ടവകാശം വിനിയോഗിച്ച് വരുന്നതുമാകുന്നു. ഇന്ന് കാണുന്നരീതിയിൽ പള്ളി നീട്ടിപ്പണിതത് ഇടവക പൊതുയോഗ തീരുമാനപ്രകാരമാണ്. അന്നത്തെ വികാരി, ഇപ്പോഴത്തെ ഡോ. അബ്രഹാം മാർ സേവേറിയോസ് തിരുമേനിയുടെ നേതൃത്വത്തിലാണ് പള്ളി നീട്ടിപ്പണിതത്. ഗ്രിഗോറിയോസ് തിരുമേനി അങ്കമാലി രജിസ്റ്റർ ആഫീസിൽ 1123-ാമാണ്ട് രണ്ടാം പുസ്തകം ഒന്നാം വാല്യം 75 മുതൽ 77 വരെ വശങ്ങളിൽ 19-ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള വിൽപത്രത്തിൽ "അതാത് കാലത്ത് വി. അന്ത്യോഖ്യാ സിംഹാസനത്തിൽ വാണരുളുന്ന പരി. പാത്രിയർക്കീസ് ബാവയാൽ വാഴിക്കപ്പെടുന്നതും സ്വീകരിക്കപ്പെടുന്നതുമായ അങ്കമാലി ഭദ്രാസന ഇടവകയുടെ മെത്രാപ്പോലീത്തമാരുടെ ഉടമസ്ഥതയിലും ഭരണത്തിലും ഇരിക്കേണ്ടതാകുന്നു" എന്നാണ് പറഞ്ഞിട്ടുള്ളത്. 1966 നവം. 6 ന് അദ്ദേഹം കാലം ചെയ്ത് തൃക്കുന്നത്ത് പള്ളിയിൽ കബറടക്കപ്പെട്ടു. തുടർന്ന് പരി. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവയാൽ വാഴിക്കപ്പെട്ട ഔഗേൻ  കാതോലിക്കാ ബാവയാൽ വാഴിക്കപ്പെടുകയും പരി. പാത്രിയർക്കീസ് ബാവയാൽ അംഗീകരിക്കപ്പെടുകയും ചെയ്ത ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി ഭദ്രാസനത്തിന്റെ ഭരണസാരഥ്യം ഏറ്റെടുത്തു. അദ്ദേഹത്തിന്റെ കാലത്ത് സഭാ വഴക്ക് വീണ്ടും ആരംഭിക്കുകയും അദ്ദേഹം മുൻഗാമികളുടെ പാരമ്പര്യത്തിന് വിരുദ്ധമായ നിലപാടെടുക്കുകയും ചെയ്തപ്പോൾ പരി. പാത്രിയർക്കീസ് ബാവ 385/75-ാം നമ്പർ കൽപനപ്രകാരം തൽസ്ഥാനത്ത് നിന്ന് നീക്കം ചെയ്യുകയും തോമസ് മാർ ദിവന്നാസ്യോസ് തിരുമേനിയെ വാഴിച്ചു നിയമിക്കുകയും ചെയ്തു. ഇതപര്യന്തമുള്ള അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തമാരിൽ തൽസ്ഥാനത്ത് നിന്ന് നീക്കം ചെയ്യപ്പെടുന്ന ആദ്യത്തെ മെത്രാപ്പോലീത്തയാണ് ഫിലിപ്പോസ് മാർ തെയോഫിലോസ്. 1975 മുതൽ അങ്കമാലി ഭദ്രാസനപള്ളി പ്രതിപുരുഷയോഗ തീരുമാനപ്രകാരം തോമസ് മാർ ദിവന്നാസ്യോസ് (ഇപ്പോഴത്തെ ശ്രേഷ്ഠകാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ) ഭദ്രാസന പൊതുയോഗവും പരി. പാത്രിയർക്കീസ് ബാവയും അംഗീകരിക്കുന്ന ഭദ്രാസന മെത്രാപ്പോലീത്തയായി ഭരണം നടത്തിവരുന്നു.

നാളിതുവരെ അങ്കമാലി ഭദ്രാസനം ഭരിച്ചിട്ടുള്ളത് പരി. പാത്രിയർക്കീസ് ബാവാമാരാൽ വാഴിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും നിയമിക്കപ്പെടുകയും വിധേയത്വം പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ള മെത്രാപ്പോലീത്തമാർ മാത്രമാണ്.

അങ്കമാലി ഭദ്രാസനത്തിന്റെ ഇന്നത്തെ സ്ഥിതി

പള്ളികൾ ചാപ്പലുകൾ ഉൾപ്പെടെ യാക്കോബായ പക്ഷത്ത് 236, വൈദീകർ 257

ഓർത്തഡോക്സ് പക്ഷത്ത് അങ്കമാലി ഈസ്റ്റ്, വെസ്റ്റ് ഭദ്രാസനങ്ങളിൽ കൂടി പള്ളികൾ 7, ചാപ്പലുകൾ 2, ഒരു കുടുംബം പോലുമില്ലാത്ത കാതോലിക്കേറ്റ് സെന്ററുകൾ ഉൾപ്പെടെ 15 സെന്ററുകൾ ആകെ 24, വൈദീകർ 22

യാക്കോബായ പക്ഷത്തെ കുറുപ്പുംപടി പള്ളിയിലെ മാത്രം ജനങ്ങളെ ഓർത്തഡോക്സ് പക്ഷത്തെ അങ്കമാലി ഈസ്റ്റ്, വെസ്റ്റ് ഭദ്രാസനങ്ങളിൽ കൂടി ആകെയുള്ളൂ. അതായത് ഭദ്രാസനത്തിലെ ജനങ്ങളുടെ 3% മാത്രം ഓർത്തഡോക്സ് പക്ഷത്തെ കാതോലിക്കേറ്റ് സെന്ററുകളിൽ പലതിലും വീട്ടുകാരനും 2 വീട്ടുകാരും മാത്രമുള്ളവയാണ്. കേവലം 3% മാത്രമുള്ള ഓർത്തഡോക്സ് വിഭാഗം ഭദ്രാസന ആസ്ഥാനമായ തൃക്കുന്നത്ത് സെമിനാരിയും സ്വത്തുക്കളും കൈവശം വച്ചിരിക്കുന്നത് ന്യായീകരിക്കാനാകുമോ?

തൃക്കുന്നത്ത് പള്ളി

യാക്കോബായ പക്ഷത്ത് 388 വീട്ടുകാർ. ഇതിൽ 162 വീട്ടുകാർ ജോലി സംബന്ധമായി വന്നു താമസിക്കുന്നവരും മറ്റ് ഇടവാംഗത്വം ഉള്ളവരുമാണ്.

ഓർത്തഡോക്സ് പക്ഷത്ത് 118 വീട്ടുകാർ. ഇതിൽ 094 വീട്ടുകാർ ജോലി സംബന്ധമായി വന്ന് താമസിക്കുന്നവരും മറ്റ് ഇടവകക്കാരുമാണ്.

കോടതിവിധികൾ

തൃക്കുന്നത്ത് സെമിനാരിയും സ്വത്തുക്കളും അങ്കമാലി ഭദ്രാസനത്തിന്റേതാണ്. പള്ളി, സെമിനാരിയുടെ അവിഭാജ്യഘടകമാണ്. ശവസംസ്കാരം സംബന്ധിച്ച് തർക്കമുണ്ടായാൽ ഇടവക രജിസ്റ്റർ പരിശോധിച്ച് കളക്ടർ തീരുമാനമെടുക്കണം. ആർക്ക് വേണമെങ്കിലും പ്രാർത്ഥിക്കുന്നതിന് അനുവാദമുണ്ട്. (എന്നാൽ ഇപ്പോൾ വൈദീകരെ നിരോധിച്ചിരിക്കുന്നത് കോടതി ഉത്തരവിന് വിരുദ്ധമാണ്). സ്റ്റാറ്റസ്കോ നിലനിർത്തണം. (ഇത് ഓർത്തഡോക്സ പക്ഷം ലംഘിച്ചു).

## സത്യവിശ്വാസത്തിന്റെ പോരാളി – കോഴിപറമ്പത്ത് ഏലിയാസ് റമ്പാൻ

യാക്കോബായ സുറിയാനി സഭയുടെ അന്ത്യോഖ്യാ വിശ്വാസസംരക്ഷണസമിതിയുടെ പിതിയ ഇടയനായി വന്ദ്യ കോഴിപറമ്പത്ത് ഏലിയാസ് റമ്പാൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. പുത്തൻകുരിശിൽ ചേർന്ന സമിതിയുടെ കേന്ദ്രസമിതിയാണ് ഇദ്ദേഹത്തെ മെത്രാപ്പോലീത്ത സ്ഥാനത്തേയ്ക്ക് നിർദ്ദേശിച്ചത്. തുടർന്നു ചേർന്ന വർക്കിംഗ് കമ്മിറ്റി ഈ തീരുമാനം പരി. സുന്നഹദോസിന് ശുപാർശ ചെയ്യുകയും നവംബർ 30 ന് എപ്പിസ്കോപ്പൽ സുന്നഹദോസ് റമ്പാച്ചന്റെ തെരഞ്ഞെടുപ്പ് അംഗീകരിക്കുകയും തുടർനടപടികൾക്കായി പരി. പാത്രിയർക്കീസ് ബാവയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തു.



എപ്പോഴും കർമ്മനിരതനായ ഒരു വ്യക്തിയാണ് വന്ദ്യ റമ്പാച്ചൻ. പരി. സഭ പ്രതിസന്ധികൾ നേരിട്ടപ്പോഴെല്ലാം അദ്ദേഹം ഓടിഎത്തുമായിരുന്നു. വന്ദ്യ റമ്പാച്ചന്റെ കർമ്മശേഷിയും സ്ഥിരോത്സാഹവും ശ്രേഷ്ഠ ബാവാ തിരുമേനിയെ വളരെ ആകർഷിച്ചിരുന്നു. എപ്പോഴും പ്രതിസന്ധി നേരിടുന്ന സഭയുടെ എല്ലാ മേഖലകളിലും ഓടിയെത്താൻ വന്ദ്യ റമ്പാച്ചന് സാധിക്കുമെന്നതിൽ സംശയമില്ല. അന്ത്യോഖ്യാ വിശ്വാസസംരക്ഷണസമിതിയുടെ അമരക്കാരനായി കൂടുതൽ പ്രവർത്തിക്കുവാൻ റമ്പാച്ചന് കഴിയട്ടെ എന്ന് പ്രാർത്ഥിക്കാം.

അകപ്പറമ്പ് മോർ ശാബോർ അഫോത്ത് ഇടവകയിൽ തുരുത്തിശ്ശേരി കോഴിപറമ്പത്ത് പരേതനായ ഇട്ടൂപ്പിന്റേയും ഏലമ്മയുടെയും പുത്രനായി 1964 ഏപ്രിൽ 13 ന് ജനിച്ചു. നെടുമ്പാശ്ശേരി മോർ അത്താനാസിയോസിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിച്ചു. അങ്കമാലി ഡി പോൾ കോളേജിൽനിന്ന് പ്രിഡിഗ്രിയും ഗാന്ധിജി സർവ്വകലാശാലയിൽനിന്ന് ബിരുദ്ധവും പൂർത്തിയാക്കി. അഭിവന്ദ്യ കരിമ്പിൽ ഗീവറുഗീസ് മോർ ദിവന്യാസിയോസ് മെത്രാപ്പോലീത്തായിൽനിന്ന് വൈദീക വിദ്യാഭ്യാസവും സുറിയാനിയും അഭ്യസിച്ചു.

1988 ജൂലൈ 22 ശ്രേഷ്ഠ ബാവ തിരുമനസ്സുകൊണ്ട് കൊറൂയോ പട്ടവും 1995 കശ്ശീശപട്ടവും സ്വീകരിച്ചു. 2003 നവം. 2 ന് ബാവ തിരുമനസ്സുകൊണ്ട് അകപറമ്പ് പള്ളിയിൽവെച്ച് റമ്പാൻ സ്ഥാനവും നടത്തി.

വടാട്ടുപാറ സെന്റ് ജോർജ്, ഐമുറി സെന്റ് തോമസ് ചാപ്പൽ, നെടുവത്തൂർ സെന്റ് ജോർജ് പള്ളി, പീച്ചാനിക്കാട് താബോർ ഇടവക, അങ്കമാലി സെന്റ് മേരീസ് പള്ളി എറണാകുളം സെന്റ് പീറ്റേഴ്സ് എന്നീ ഇടവകകളിൽ സേവനം അനുഷ്ടിച്ചു. ഇപ്പോൾ തുരുത്തിശ്ശേരി സിംഹാസനപള്ളി വികാരിയാണ്.

ശ്രേഷ്ഠബാവായുടെ സെക്രട്ടറിയായി സേവനമനുഷ്ടിച്ചിട്ടുള്ള റമ്പാച്ചൻ ഇപ്പോൾ പരിസഭയുടെ മാനേജിംഗ് കമ്മിറ്റി അംഗമായും എം.ജെ.എസ്.എസ്.എയുടെ ആലുവ ഡിസ്ട്രിക്റ്റ് പ്രസിഡന്റായും അന്ത്യോഖ്യാ വിശ്വാസസംരക്ഷണ സമിതിയുടെ വൈസ് പ്രസിഡന്റായും, തുരുത്തിശ്ശേരി മോർ അത്താനേഷ്യസ് യു.പി. സ്കൂൾ മാനേജരായും നെടുമ്പാശ്ശേരി വൈ.എം.സി.എ. രക്ഷാധികാരിയായും സേവനമനുഷ്ടിക്കുന്നു.

കെ.ഐ. വറുഗീസ് (കേരള ആയുർവേദ ഫാർമസി) സഹോദരനും, മൂക്കന്നൂർ പ്ലാച്ചേരി അമ്മിണി മത്തായി (കുവൈറ്റ്) മേലാട് കുറ്റിക്കാട്ടിൽ ഷൈനി വിൽസൺ എന്നിവർ സഹോദരിമാരുമാണ്.

## മാർ അപ്രേമിന്റെ 17–ാം ജന്മശതാബ്ദിയും വടവാതൂർ പള്ളിയിലെ പ്രധാന പെരുന്നാളും

സുറിയാനി സഭാ പിതാവായ മാർ അപ്രേമിന്റെ 17-ാം ജന്മശതാബ്ദിയുടെ ഉത്ഘാടനവും ഇടവക പെരുന്നാളും വടവാതൂർ മാർ  അപ്രേം പള്ളിയിൽ പൂർവ്വാധികം ഭംഗിയായി നവംബർ 22, 23 തീയതികളിൽ നടത്തപ്പെട്ടു. 21-ാം തീയതി മുതൽ എല്ലാദിവസവും സുവിശേഷയോഗം ഉണ്ടായിരുന്നു. 22-ാം തീയതി വൈകുന്നേരം സന്ധ്യാപ്രാർത്ഥനയ്ക്ക് ശേഷം വടവാതൂർ കുരിശിലേയ്ക്ക് ഭക്തിനിർഭരമായ റാസ ഉണ്ടായിരുന്നു. പെരുന്നാൾ ദിവസമായ 23-ാം തീയതി അഭി. ഗീവറുഗീസ് മോർ കൂറിലോസ് തിരുമനസ്സിന്റെ (നിരണം) പ്രധാന കാർമ്മികത്വത്തിൽ വി. അഞ്ചിന്മേൽ കുർബ്ബാനയോടെ പെരുന്നാൾ സമീപിച്ചു. ഫാ. ജേക്കബ് ചെറിയാൻ മണ്ണൂർ, റവ. കുര്യൻ മാലിയിൽ കോറഎപ്പിസ്കോപ്പാ (വികാരിമാർ) എന്നിവർ പെരുന്നാൾ ചടങ്ങുകൾക്ക് നേതൃത്വം നൽകുകയുണ്ടായി.



## മാന്യ അഭ്യുദയകാംക്ഷികളുടെ ശ്രദ്ധയ്ക്ക്

മഹാപരിശുദ്ധനായ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സിന്റെ 75–ാം ദുക്റോനാ പെരുന്നാളിനോട് അനുബന്ധിച്ച് വിശ്വാസസംരക്ഷകൻ പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കുന്നതാണ്. പരി. ബാവായുടെ അപൂർവ്വ ചിത്രങ്ങൾ, പരി. പിതാവിനെക്കുറിച്ച് പ്രശസ്ത വ്യക്തികൾ എഴുതുന്ന ലേഖനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടും. പരി. ബാവായെക്കുറിച്ച് നിങ്ങളുടെ കൈവശം അപൂർവ്വചിത്രങ്ങളോ അനുഭവങ്ങളോ ഉണ്ടെങ്കിൽ ഈ സംരഭത്തിൽ പങ്കുചേരാവുന്നതാണ്. ഇന്റർനെറ്റ് എഡീഷനോടൊപ്പം ഫോർകളർ ആർട്ടുപേപ്പറിൽ 24 പേജുള്ള പതിനായിരത്തോളം കോപ്പി പ്രിന്റഡ് എഡീഷനിൽ ഇറക്കുന്നുണ്ട്. പള്ളികളായും വ്യക്തികളായും എല്ലാവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

## ജന്മദിനാഘോഷം



## ജന്മദിനാശംസകൾ





ഡിസംബർ 5 ന് 66–ാം ജന്മദിനം ആഘോഷിക്കുന്ന മലബാർ ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മോർ പിലക്സിനോസ് മെത്രാപ്പോലീത്തായ്ക്കും ഡിസംബർ 12 ന് 50–ാം ജന്മദിനം ആഘോഷിക്കുന്ന പാത്രിയർക്കാ വികാർ അഭി. ഗീവർഗീസ് മോർ അത്തനാസ്യോസ് മെത്രാപ്പോലീത്തായ്ക്കും വിശ്വാസസംരക്ഷകൻ പ്രവർത്തകരുടെ ജന്മദിനാശംസകൾ

## നിര്യാതയായി



**കാരയ്ക്കാട്:** പ്രമുഖ സ്വാതന്ത്ര്യസമര സേനാനി കരുത്താനത്ത് പരേതനായ ഉമ്മൻ ഇടിക്കുളയുടെ ഭാര്യ അന്നമ്മ (85) നിര്യാതയായി. സംസ്ക്കാരം കാരയ്ക്കാട് സീനായ് കുന്ന് സെന്റ് മേരീസ് യാക്കോബായ പള്ളിയിൽ അഭി. യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. പരേത പെണ്ണുക്കര കല്ലുമാടിയിൽ കുടുംബാംഗമാണ്. *മക്കൾ:* മറിയാമ്മ, അന്നമ്മ, സാറാമ്മ, കെ.ഐ. തോമസ് (കരുത്താനത്ത് ചിട്ടിഫണ്ട്. പ്രസിഡന്റ് താലൂക്ക് മാർക്കറ്റിംഗ് സൊസൈറ്റി), അലക്സാണ്ടർ കാരയ്ക്കാട് (ടെക്നിക്കൽ ഹൈസ്കൂൾ ഹരിപ്പാട്, യാക്കോബായ സഭാ മാനേജിംഗ് കമ്മിറ്റി അംഗം തുമ്പമൺ ഭദ്രാസന കൗൺസിലംഗം സംസ്ഥാന വൈസ് പ്രസിഡന്റ് എ.ൻ.ജി.ഒ. ഫ്രണ്ട്, സെക്രട്ടറി ക്രിസ്ത്യൻ എഡിറ്റേഴ്സ് & റൈറ്റേഴ്സ് സൊസൈറ്റി, എഡിറ്റർ യാക്കൂബ്യൻ, പ്രസിഡന്റ് സോസ്, ചെയർമാൻ വൈ.എം.സി.എ. സബ് റീജിയൻ ചെങ്ങന്നൂർ, വൈ.എം.സി.എ. സംസ്ഥാന എക്സിക്യൂട്ടിവ് കമ്മിറ്റി അംഗം) സൂസൻ ഏബ്രഹാം (എം.ഡി. യു.പി.എസ്. തലവടി) *മരുമക്കൾ:* തോമസ് വറുഗീസ് തുണ്ടിയത്ത് ആറന്മുള, എം.എം. ജോർജ്ജ് മായാലിൽ ഇടനാട്, എം.എസ്. തോമസ് മാവേലിതുണ്ടിൽ മാരാമൺ, സൂസൻ തോമസ് കന്നയിൽ കായംകുളം, ഷേർളി അലക്സ് ചെറിയത്ത് തെക്കേതിൽ ചെന്നീർക്കര, റൂബി ഏബ്രഹാം (ഷാർജ പബ്ലിക്ക് സ്കൂൾ) ചാലക്കുഴി പുളിമൂട്ടിൽ തിരുവല്ല.

വിശ്വാസസംരക്ഷകൻ പ്രവർത്തകരുടെ ആദരജ്ഞലികൾ

**Editorial Board**

Very. Rev. Kuriakose Corepiscopa Moolayil (Chairman)
Very. Rev. Elias Ramban Kozhipparambathu (Vice Chairman)
Rev. Fr. Kuriakose T. Abraham
Thomas Daniel (Reji), Cheppaud
Chev. K.O. Mathew, Konkara
Dr. Thomas Joseph
Prof. A.P. Eltho, Appackal
Prof. T.C. Thomas Thandasseril
Nibu M. John Chennithala
John Philip Kottapparampil
Biju Kurian Mathew
Manoj Mathew, Aryadanpakkal
C.K. Joy
Aju Mathew Mundackal (Circulation)
Chev.P.V. John, Punnamattom (Manager)
Bibby Abraham Kadavumbhagom (Chief Editor)

Internet Edition Owned and supported by http://www. moradaistudycentre.cjb.net Cheeranchira, Changanacherry 686106 India

**Advisory Board**

Chairman: Thampu George Thukalan (Sabha Secretary)
Cammander George Mathew Thekkethalackal (Sabha Trusty)
Prof. Chev. M.A. Paulose
Chev. K.V. Paulose
Dr.K.C. Rajan
Chev. P.K. Paulose Kooran
Ommachen Venkadathu
Chev. Moncy Vavachen
Rev.Dn. Dr. Paul Samuel
Dr. Sinu P. John
Baby Gleeson Zacharia
Chev. Thomas Abraham
Babu Maracheril
Babu Jacob Nadayil

## ജന്മദിനാഘോഷം

ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ 47–ാം ജന്മദിനം പുത്തൻകുരിശിലെ പാത്രിയർക്കാ സെന്ററിൽവച്ച് വിശ്വാസസംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിൽ ആഘോഷിച്ചു.

ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ ആഘോഷപരിപാടികൾ ഉത്ഘാടനം ചെയ്തു. സഭാമക്കളുടെ മുഴുവൻ ആദരവും നേടിയെടുത്ത തിരുമേനിക്ക് ശ്രേഷ്ഠ ബാവ ആശംസകൾ നേർന്നു.

ഏലിയാസ് കേഴിപറമ്പത്ത് റമ്പാൻ, ഫാ. ജോസ് മൂന്നാമൻ, ഫാ. കുര്യാക്കോസ് തുകലൻ, കമാണ്ടർ ഇ.എം. ജോൺ, സമുദായ സെക്രട്ടറി തമ്പു ജോർജ് തുകലൻ, ഷെവ. കെ.ഒ. മാത്യു, ഷെവ. ജോൺ പുന്നമറ്റം, ഷെവ. മോൻസി വാവച്ചൻ, കെ.ഒ. ഏലിയാസ്, എഡിറ്റർ ബിബി എബ്രഹാം, കെ.സി. രാജു തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് പ്രസംഗിച്ചു.

ചീഫ് എഡിറ്റർ: ബിബി ഏബ്രഹാം കടവുംഭാഗം, പുളിക്കൽകവല പി. ഒ. ,വാഴൂർ
Ph: 0481-2456498, 2458198, 9446921775,
Sponsored by: Mor adai Study Center http://moradaistudycenter.cjb.net
editor@viswasasamrakshakan.org abrahambibby@yahoo.com